പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 266

# 2025-ലെ കേരള സംഘങ്ങൾ രജിസ്ട്രേഷൻ ബിൽ

©

കേരള നിയമസഭാ സെക്രട്ടേറിയറ്റ്

2025

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 266

# 2025-ലെ കേരള സംഘങ്ങൾ രജിസ്ട്രേഷൻ ബിൽ

849/2025.

ബിൽ നമ്പർ 266

# 2025-ലെ കേരള സംഘങ്ങൾ രജിസ്ട്രേഷൻ ബിൽ

കേരള സംസ്ഥാനത്ത് കല, സാഹിത്യ, ശാസ്ത്രീയ, വിദ്യാഭ്യാസ, ധാർമ്മിക, കായിക സംഘങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള നിയമങ്ങൾ ഏകോപിപ്പിക്കുന്നതിനും കല, സാഹിത്യ, ശാസ്ത്രീയ, വിദ്യാഭ്യാസ, ധാർമ്മിക, കായികകാര്യങ്ങളുടെ ഉന്നമനത്തിനോ, ഉപയോഗമുള്ള അറിവിന്റെ വ്യാപനത്തിനോ, പ്രകൃതി വിഭവങ്ങളുടെയും ദുർലഭമായ അടിസ്ഥാനസൗകര്യങ്ങളുടെയും പ്രോൽസാഹനത്തിനോ വേണ്ടിയുള്ള സംഘങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനും അതുമായി ബന്ധപ്പെട്ടതോ അതിന് ആനുഷംഗികമായതോ ആയ മറ്റു കാര്യങ്ങൾക്കും വേണ്ടി വ്യവസ്ഥ ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—കേരള സംസ്ഥാനത്ത് കല, സാഹിത്യ, ശാസ്ത്രീയ, വിദ്യാഭ്യാസ, ധാർമ്മിക, കായിക സംഘങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള നിയമങ്ങൾ ഏകോപിപ്പിക്കുന്നതിനും കല, സാഹിത്യ, ശാസ്ത്രീയ, വിദ്യാഭ്യാസ, ധാർമ്മിക, കായികകാര്യങ്ങളുടെ ഉന്നമനത്തിനോ, ഉപയോഗമുള്ള അറിവിന്റെ വ്യാപനത്തിനോ, പ്രകൃതി വിഭവങ്ങളുടെയും ദുർലഭമായ അടിസ്ഥാന സൗകര്യങ്ങളുടെയും പ്രോൽസാഹനത്തിനോ വേണ്ടിയുള്ള സംഘങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനും അതുമായി ബന്ധപ്പെട്ടതോ അതിന് ആനുഷംഗികമായതോ ആയ മറ്റുകാര്യങ്ങൾക്കും വേണ്ടി വ്യവസ്ഥ ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപത്തിയാറാം സംവത്സരത്തിൽ താഴെ പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

## അദ്ധ്യായം - 1

## പ്രാരംഭം

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2025-ലെ കേരള സംഘങ്ങൾ രജിസ്ട്രേഷൻ ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് സർക്കാർ, ഗസറ്റ് വിജ്ഞാപനം വഴി, നിശ്ചയിക്കുന്ന തീയതിയിൽ പ്രാബല്യത്തിൽ വരുന്നതാണ്.

2. നിർവ്വചനങ്ങൾ.—ഈ ആക്റ്റിൽ, സന്ദർഭം മറ്റു വിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം,—

(എ) "അഡ്മിനിസ്ട്രേറ്റർ" എന്നാൽ ഈ ആക്റ്റിന്റെ 39-ാം വകുപ്പ് പ്രകാരം നിയമിക്കപ്പെടുന്ന അഡ്മിനിസ്ട്രേറ്റർ എന്നർത്ഥമാകുന്നു;

(ബി) "ഭരണസമിതി" എന്നാൽ സംഘത്തിന്റെ ചട്ടങ്ങളും റഗുലേഷനുകളും പ്രകാരം അതിന്റെ ഭരണം ഏൽപ്പിക്കപ്പെട്ടിട്ടുള്ള സമിതി അല്ലെങ്കിൽ ഭരണകർത്താക്കൾ, ഡയറക്ടർമാർ അല്ലെങ്കിൽ മറ്റ് ഏതെങ്കിലും നികായം എന്നർത്ഥമാകുന്നു;

(സി) "സർക്കാർ" എന്നാൽ കേരള സർക്കാർ എന്നർത്ഥമാകുന്നു;

(ഡി) "സംഘം ഇൻസ്പെക്ടർ" എന്നാൽ ഈ ആക്റ്റ് പ്രകാരം ഒരു സംഘം ഇൻസ്പെക്ടർക്ക് ഉള്ള ചുമതലകളും കർത്തവ്യങ്ങളും നിർവ്വഹിക്കുന്നതിന്റെ ആവശ്യത്തിലേക്കായി, സർക്കാർ, ഗസറ്റ് വിജ്ഞാപനം വഴി, വ്യക്തമാക്കാവുന്ന പ്രദേശത്തിനായി നിയമിക്കാവുന്ന ഒരു ഉദ്യോഗസ്ഥൻ എന്നർത്ഥമാകുന്നതും, അപ്രകാരം ഒരു ഉദ്യോഗസ്ഥനെ നിയമിക്കാത്ത പക്ഷം രജിസ്ട്രാർ, സംഘം ഇൻസ്പെക്ടർ ആയിരിക്കുന്നതുമാണ്;

(ഇ) "അംഗം" എന്നാൽ ഒരു സംഘത്തിൽ അതിന്റെ ചട്ടങ്ങളും റഗുലേഷനുകളും ബൈലോകളും അനുസരിച്ച് അംഗത്വം ലഭിച്ചിട്ടുള്ളതും വരിസംഖ്യ നൽകുന്നതിനുള്ള അംഗത്വ പട്ടികയിൽ ഒപ്പ് വയ്ക്കുകയോ അങ്ങനെയുള്ള ചട്ടങ്ങളിലോ റഗുലേഷനുകളിലോ ബൈലോകളിലോ വ്യവസ്ഥ ചെയ്ത പ്രകാരം രാജി വച്ചിട്ടില്ലാത്തതോ നീക്കം ചെയ്യപ്പെടാത്തതോ ആയ ഒരാൾ എന്നർത്ഥമാകുന്നു.

വിശദീകരണം:—മൂന്ന് മാസത്തിൽ അധികരിക്കുന്ന കാലയളവിലേക്ക് വരിസംഖ്യ കുടിശ്ശിക ഉള്ള യാതൊരാൾക്കും ഈ ആക്റ്റ് പ്രകാരമുള്ള നടപടികളിൽ വോട്ട് ചെയ്യുവാൻ അർഹത ഉണ്ടായിരിക്കുന്നതല്ലാത്തതും അയാളെ ഒരു അംഗമായി കണക്കാക്കുന്നതല്ലാത്തതുമാകുന്നു;

(എഫ്) "മെമ്മോറാണ്ടം ഓഫ് അസോസിയേഷൻ" എന്നാൽ ഈ ആക്റ്റിന്റെ 6-ാം വകുപ്പ് പ്രകാരമുള്ള സംഘത്തിന്റെ മെമ്മോറാണ്ടം ഓഫ് അസോസിയേഷൻ എന്നർത്ഥമാകുന്നു;

(ജി) "നിർണ്ണയിക്കപ്പെട്ട" എന്നാൽ ഈ ആക്റ്റിൻ കീഴിൽ ഉണ്ടാക്കപ്പെട്ടിട്ടുള്ള ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെട്ട എന്നർത്ഥമാകുന്നു;

(എച്ച്) "രജിസ്റ്റാർ" എന്നാൽ ഈ ആക്റ്റ് പ്രകാരം, ഒരു രജിസ്റ്റാറുടെ ചുമതലകളും കർത്തവ്യങ്ങളും നിർവ്വഹിക്കുന്ന ആവശ്യത്തിലേക്കായി, സർക്കാർ, ഗസറ്റ് വിജ്ഞാപനം വഴി, വ്യക്തമാക്കാവുന്ന പ്രകാരമുള്ള പ്രദേശത്ത് അധികാരിതയുള്ള ഒരു ഉദ്യോഗസ്ഥൻ എന്നർത്ഥമാകുന്നതും, അപ്രകാരം ഒരു ഉദ്യോഗസ്ഥനെ നിയമിക്കാത്ത പക്ഷം, രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ, രജിസ്റ്റാറിന്റെ ചുമതല നിർവ്വഹിക്കുന്നതാണ്;

(ഐ) "രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ" എന്നാൽ 1908-ലെ രജിസ്ട്രേഷൻ ആക്റ്റിന്റെ (1908-ലെ 16-ാം കേന്ദ്ര ആക്റ്റ്) 3-ാം വകുപ്പ് പ്രകാരം നിയമിക്കപ്പെട്ട ഒരു ഉദ്യോഗസ്ഥൻ എന്നർത്ഥമാകുന്നു;

(ജെ) "സംഘം" എന്നാൽ ഈ ആക്റ്റിൻ കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ളതോ രജിസ്റ്റർ ചെയ്തതായി കരുതപ്പെടുന്നതോ ആയ ഒരു സംഘം എന്നർത്ഥമാകുന്നു;

(കെ) "വർഷം" എന്നാൽ ജനുവരി 1-ന് ആരംഭിച്ച് ഡിസംബർ 31 ന് അവസാനിക്കുന്ന വർഷം അല്ലെങ്കിൽ രജിസ്റ്റാറുടെ മുൻകൂർ അനുമതിയോടുകൂടി ഏതെങ്കിലും സംഘത്തിന്റെയോ അല്ലെങ്കിൽ ഏതെങ്കിലും വിഭാഗം സംഘങ്ങളുടെയോ സംഗതിയിൽ അവയുടെ കണക്കുകൾ മറ്റേതെങ്കിലും ഒരു തീയതിയിലേക്ക് നിശ്ചയിക്കുകയാണെങ്കിൽ അങ്ങനെയുള്ള തീയതിയിൽ ആരംഭിച്ച് അവസാനിക്കുന്ന വർഷം എന്നർത്ഥമാകുന്നു.

## അദ്ധ്യായം - 2

## സംഘങ്ങളുടെ രജിസ്ട്രേഷൻ

3. <u>ആക്റ്റ് ബാധകമാകുന്ന സംഘങ്ങൾ</u>.—താഴെ പറയുന്ന ഉദ്ദേശ്യങ്ങൾക്കായുള്ള സംഘങ്ങൾ, അതായത് :—

(i) ധാർമ്മികതയുടെ പ്രോത്സാഹനം;

(ii) വിദ്യാഭ്യാസം, സംസ്കാരം, ശാസ്ത്രം, സാഹിത്യം അല്ലെങ്കിൽ കലകൾ എന്നിവയുടെ പ്രോത്സാഹനം;

(iii) കായിക പ്രോത്സാഹനം;

(iv) വാണിജ്യം, വ്യവസായം എന്നിവയുമായി ബന്ധപ്പെട്ടതും മറ്റ് ഏതെങ്കിലും ഉപയോഗപ്രദവുമായ അറിവ് അഭ്യസിപ്പിക്കലും വ്യാപിപ്പിക്കലും;

(v) അംഗങ്ങളുടെ പൊതു ഉപയോഗത്തിനായോ അല്ലെങ്കിൽ പൊതുജനങ്ങൾക്കായോ പുസ്തകാലയങ്ങൾ അല്ലെങ്കിൽ വായനശാലകൾ അല്ലെങ്കിൽ പൊതു കാഴ്ചബംഗ്ലാവുകളും ചിത്രകലാ ഗ്യാലറികളും മറ്റ് കലാസ്ഥാപനങ്ങളും സ്ഥാപിക്കലും പരിപാലിക്കലും;

(vi) പ്രകൃതി വിഭവങ്ങളുടെയും, ഭൂമി, ഊർജ്ജം, ജലം, വനം എന്നിവയുടെയും കാലാകാലങ്ങളിൽ സർക്കാർ വിജ്ഞാപനം ചെയ്യാവുന്ന മറ്റ് ദുർലഭമായ അടിസ്ഥാന സൗകര്യങ്ങൾ എന്നിവയുടെയും പ്രോത്സാഹനവും സംരക്ഷണവും;

(vii) പ്രകൃതിചരിത്രം, യാന്ത്രികവും തത്വചിന്താപരവുമായ കണ്ടുപിടിത്തങ്ങൾ, ഉപകരണങ്ങൾ അല്ലെങ്കിൽ രൂപകല്പനകൾ എന്നിവയുടെ ശേഖരണവും

അത്തരം സംഘങ്ങൾ അവരുടെ ലാഭം അല്ലെങ്കിൽ മറ്റ് വരുമാനം ഉണ്ടാകുന്നപക്ഷം, അത് അവരുടെ അപ്രകാരമുള്ള ഉദ്ദേശ്യങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന് ഉദ്ദേശിച്ചുള്ളതും, അവരുടെ അംഗങ്ങൾക്കിടയിൽ ഏതെങ്കിലും ലാഭവിഹിതം നൽകാത്തതോ, ഏതെങ്കിലും വരുമാനം അല്ലെങ്കിൽ ലാഭം വിതരണം ചെയ്യാത്തതോ ആണെങ്കിൽ ഈ ആക്റ്റിൻ കീഴിൽ രജിസ്റ്റർ ചെയ്യാവുന്നതാണ്.

4. രജിസ്റ്റർ ചെയ്യുന്നതിനുള്ള നിബന്ധന.—സർക്കാർ അംഗമായുള്ള ഒരു സംഘം ഒഴികെയുള്ള യാതൊരു സംഘവും പതിനെട്ട് വയസ് പൂർത്തിയായിട്ടുള്ള ഏറ്റവും കുറഞ്ഞത് ഏഴ് അംഗങ്ങൾ ഇല്ലാതെ ഈ ആക്റ്റിൻ കീഴിൽ രജിസ്റ്റർ ചെയ്യാൻ പാടുള്ളതല്ലാത്തതും അംഗങ്ങൾ ഇന്ത്യൻ പൗരത്വം ഉള്ളവർ ആയിരിക്കേണ്ടതുമാണ്.

5. സംഘങ്ങൾ രൂപീകരിക്കേണ്ട രീതി.—3-ാം വകുപ്പിൽ വ്യക്തമാക്കിയിട്ടുള്ള ഏതെങ്കിലും ആവശ്യത്തിനായി സഹകരിക്കുകയോ ഒത്തുചേരുകയോ ചെയ്യുന്ന അംഗങ്ങൾക്ക്, 4-ാം വകുപ്പിലെ വ്യവസ്ഥകൾക്ക് വിധേയമായി, മെമ്മോറാണ്ടം ഓഫ് അസോസിയേഷനിൽ അവരുടെ പേര് ഉൾപ്പെടുത്തുകയും രജിസ്ട്രേഷൻ സംബന്ധിച്ച് ഈ ആക്റ്റിലെയും അതിൻ കീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലെയും വ്യവസ്ഥകൾ അനുസരിച്ചുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നത് വഴി, ഒരു സംഘം രൂപീകരിക്കാവുന്നതാണ്.

6. മെമ്മോറാണ്ടം ഓഫ് അസോസിയേഷൻ.—(1) ഓരോ സംഘത്തിന്റെയും മെമ്മോറാണ്ടം ഓഫ് അസോസിയേഷനിൽ താഴെ പറയുന്ന വിവരങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്, അതായത് :—

(i) സംഘത്തിന്റെ പേര്;

(ii) സംഘത്തിന്റെ ഉദ്ദേശ്യങ്ങൾ;

(iii) സംഘത്തിന്റെ പ്രവർത്തന പരിധി;

(iv) ഭരണകർത്താക്കൾ, സമിതി, ഡയറക്ടർമാർ അല്ലെങ്കിൽ സംഘത്തിന്റെ ചട്ടങ്ങൾ പ്രകാരം അതിന്റെ കാര്യങ്ങൾ നിർവ്വഹിക്കുന്നതിനുള്ള ഭരണ സമിതിയിലെ അംഗങ്ങളുടെ പേരും മേൽവിലാസവും തൊഴിലും; സർക്കാർ അംഗീകൃത തിരിച്ചറിയൽ രേഖയുടെ നമ്പരും;

(v) സംഘത്തിന്റെ രജിസ്റ്റേർഡ് ഓഫീസ് സ്ഥിതി ചെയ്യുന്ന സ്ഥലം.

(2) മെമ്മോറാണ്ടം ഓഫ് അസോസിയേഷനോടൊപ്പം അംഗങ്ങൾക്ക് പ്രവേശനം നൽകൽ, അതിന്റെ പൊതുയോഗങ്ങൾ, അംഗങ്ങൾ വോട്ട് ചെയ്യുന്നതുൾപ്പെടെ അങ്ങനെയുള്ള യോഗങ്ങളിലെ നടപടിക്രമങ്ങൾ, ഭരണസമിതി, ഭരണസമിതിയുടെ യോഗങ്ങളിലെ നടപടിക്രമങ്ങൾ എന്നിവ സംബന്ധിച്ച വ്യവസ്ഥകൾ ഉൾപ്പെടുന്ന സംഘത്തിന്റെ ചട്ടങ്ങളും റഗുലേഷനുകളും രജിസ്റ്റർ ചെയ്യേണ്ടതാണ്.

(3) സംഘത്തിന്റെ മെമ്മോറാണ്ടവും ചട്ടങ്ങളും റഗുലേഷനുകളും ഖണ്ഡികകളായി തിരിച്ച് തുടർച്ചയായി അക്കമിട്ട് അച്ചടിച്ചിട്ടുള്ളതോ ടൈപ്പ് ചെയ്തിട്ടുള്ളതോ ആയിരിക്കേണ്ടതും മെമ്മോറാണ്ടത്തിൽ ഓരോ അംഗവും അയാൾ തന്റെ മേൽവിലാസം, വിവരണം, വയസ്, തൊഴിൽ ഉണ്ടെങ്കിൽ അതും ഉൾപ്പെടുത്തേണ്ടതും ഏറ്റവും കുറഞ്ഞത് ഒരു സാക്ഷിയുടെ സാന്നിദ്ധ്യത്തിൽ ഒപ്പിടേണ്ടതും സാക്ഷി അയാളുടെ ഒപ്പ് സാക്ഷ്യപ്പെടുത്തേണ്ടതും തന്റെ മേൽവിലാസം, വിവരണം, തൊഴിൽ ഉണ്ടെങ്കിൽ അതുംകൂടി ഉൾപ്പെടുത്തേണ്ടതുമാണ്.

7. <u>അഭികാമ്യമല്ലാത്ത പേരുകളിൽ സംഘങ്ങൾ രജിസ്റ്റർ ചെയ്യാൻ പാടില്ലായെന്ന്</u>.—രജിസ്ട്രാറുടെ അഭിപ്രായത്തിൽ, അഭികാമ്യമല്ലാത്തതോ നിലവിൽ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള ഒരു സംഘത്തിന്റെ പേരുമായി സാമ്യമുള്ളതോ ആയ ഒരു പേരിൽ മറ്റ് യാതൊരു സംഘവും രജിസ്റ്റർ ചെയ്യാൻ പാടുള്ളതല്ല.

8. <u>സംഘങ്ങളുടെ രജിസ്ട്രേഷൻ</u>.—(1) രജിസ്ട്രേഷനായി, നിർണ്ണയിക്കപ്പെട്ടിട്ടുള്ള അപേക്ഷയും ഫീസും സഹിതം സംഘത്തിന്റെ മെമ്മോറാണ്ടം ഓഫ് അസോസിയേഷനും ചട്ടങ്ങളും റഗുലേഷനുകളും രജിസ്ട്രാർ മുമ്പാകെ സമർപ്പിക്കേണ്ടതാണ്.

(2) ഈ ആക്റ്റിലേയും അതിൻ കീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലേയും എല്ലാ വ്യവസ്ഥകളും പാലിച്ചിട്ടുള്ളതായി രജിസ്ട്രാർക്ക് ബോദ്ധ്യപ്പെട്ടാൽ, അദ്ദേഹം മെമ്മോറാണ്ടം ഓഫ് അസോസിയേഷനും ചട്ടങ്ങളും റഗുലേഷനുകളും കൈവശം സൂക്ഷിക്കേണ്ടതും ഏഴ് ദിവസത്തിനുള്ളിൽ രജിസ്റ്റർ ചെയ്യേണ്ടതും, യഥാവിധി രജിസ്റ്റർ ചെയ്തിട്ടുള്ളതായി തന്റെ ഒപ്പും മുദ്രയും രേഖപ്പെടുത്തേണ്ടതും രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നൽകേണ്ടതുമാണ്.

(3) രജിസ്ട്രാർ, സംഘം രജിസ്റ്റർ ചെയ്യുന്നത് നിരസിക്കുന്ന പക്ഷം, പ്രസ്തുത വിവരം മുപ്പത് ദിവസത്തിനകം അറിയിക്കേണ്ടതും അങ്ങനെയുള്ള അറിയിപ്പ് ലഭിക്കുന്ന തീയതി മുതൽ അറുപത് ദിവസങ്ങൾക്കകം പ്രസ്തുത ഉത്തരവിനെതിരെ രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ മുമ്പാകെ ഒരു അപ്പീൽ സമർപ്പിക്കാവുന്നതുമാണ്:

എന്നാൽ, അപ്രകാരം അപ്പീൽ സമർപ്പിക്കാത്ത സംഗതിയിൽ, മതിയായ കാരണം ബോധ്യമാകുന്നപക്ഷം, കാലതാമസം മാപ്പാക്കി അപ്പീൽ കാലാവധി മുപ്പത് ദിവസത്തിൽ അധികരിക്കാത്തവിധം ദീർഘിപ്പിച്ച് നൽകുന്നതിന് അപ്പീൽ അധികാരിക്ക് അധികാരം ഉണ്ടായിരിക്കുന്നതുമാണ്.

9. നിലവിലുള്ള സംഘങ്ങൾക്ക് സാധൂകരണം.—1955 -ലെ തിരുവിതാംകൂർ-കൊച്ചി സാഹിത്യ, ശാസ്ത്രീയ, ധാർമ്മിക സംഘങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള ആക്റ്റ് (1955-ലെ 12) അല്ലെങ്കിൽ 1860-ലെ സംഘങ്ങൾ രജിസ്ട്രേഷൻ ആക്റ്റ് (1860-ലെ 21-ാം കേന്ദ്ര ആക്റ്റ്) പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ളതോ രജിസ്റ്റർ ചെയ്തതായി കരുതപ്പെടുന്നതോ ആയതും, ഈ ആക്റ്റിന്റെ പ്രാരംഭ തീയതിയിൽ റിട്ടേൺ യഥാസമയം ഫയൽ ചെയ്ത് രജിസ്ട്രേഷൻ തൽസമയം പ്രാബല്യത്തിൽ ഉള്ളതുമായ എല്ലാ സംഘങ്ങളും ഈ ആക്റ്റിൻ കീഴിൽ രജിസ്റ്റർ ചെയ്തതായി കരുതപ്പെടേണ്ടതാണ്:

എന്നാൽ, ഈ ആക്റ്റിന്റെ പ്രാരംഭ തീയതിയിൽ ഏതെങ്കിലും സംഘം യഥാസമയം റിട്ടേൺ ഫയൽ ചെയ്യാത്ത സംഗതിയിൽ ആയത് ഫയൽ ചെയ്യുന്നതിനുവേണ്ടി ഒരു നിശ്ചിത കാലാവധി സർക്കാരിന്, വിജ്ഞാപനം വഴി, വിനിർദ്ദേശിക്കാവുന്നതാണ്.

10. സംഘത്തിന്റെ രജിസ്റ്റർ ചെയ്ത ഓഫീസ്.—(1) ഒരു സംഘത്തിന്, അത് രജിസ്റ്റർ ചെയ്ത തീയതി മുതൽ ഇരുപത്തിയൊന്ന് ദിവസങ്ങൾക്കകം, എല്ലാ കത്തിടപാടുകളും അറിയിപ്പുകളും അയയ്ക്കുന്നതിലേക്കായി ഒരു രജിസ്റ്റർ ചെയ്യപ്പെട്ട ഓഫീസ് ഉണ്ടായിരിക്കേണ്ടതാണ്.

(2) രജിസ്റ്റർ ചെയ്തിട്ടുള്ള ഓഫീസ് സ്ഥിതി ചെയ്യുന്ന സ്ഥലവും അതിന് എന്തെങ്കിലും മാറ്റം സംഭവിച്ചിട്ടുണ്ടെങ്കിൽ അത് സംബന്ധിച്ച വിവരവും, അതതു സംഗതി പോലെ, സംഘം രജിസ്റ്റർ ചെയ്ത തീയതി മുതൽ അല്ലെങ്കിൽ അപ്രകാരം മാറ്റം സംഭവിച്ച തീയതി മുതൽ ഇരുപത്തിയൊന്ന് ദിവസങ്ങൾക്കകം രജിസ്ട്രാറെ സംഘത്തിന്റെ ഭരണസമിതി അറിയിക്കേണ്ടതും രജിസ്ട്രാർ അതു രേഖപ്പെടുത്തേണ്ടതുമാണ്.

(3) ഈ വകുപ്പിലെ വ്യവസ്ഥകൾ പാലിക്കുന്നതിൽ ഒരു സംഘത്തിന്റെ ഭരണസമിതി വീഴ്ച വരുത്തുന്നപക്ഷം, ആയിരം രൂപയിൽ കുറയാത്തതും പതിനായിരം രൂപവരെ ആകാവുന്നതുമായ പിഴ നൽകുന്നതിന് അങ്ങനെയുള്ള ഭരണസമിതി ബാദ്ധ്യസ്ഥമാകുന്നതാണ്.

11. മെമ്മോറാണ്ടം ഓഫ് അസോസിയേഷനുള്ള ഭേദഗതി.—(1) സംഘത്തിന്റെ ഭരണസമിതിക്ക് ആവശ്യമെന്ന് തോന്നുന്നപക്ഷം, സംഘത്തിന്റെ മെമ്മോറാണ്ടം ഓഫ് അസോസിയേഷൻ ഭേദഗതി ചെയ്യുന്നതിനുള്ള നിർദ്ദേശം നിർണ്ണയിക്കപ്പെടുന്ന പ്രകാരം ഒരു റിപ്പോർട്ടായി അംഗങ്ങൾക്ക് വിതരണം ചെയ്യേണ്ടതും പ്രസ്തുത ഭേദഗതി പരിഗണിക്കുന്നതിനായി ചട്ടങ്ങളോ റഗുലേഷനുകളോ അനുസരിച്ച് ഒരു പ്രത്യേക പൊതുയോഗം സംഘം വിളിച്ചു ചേർക്കേണ്ടതുമാണ് :

എന്നാൽ, അങ്ങനെയുള്ള യാതൊരു ഭേദഗതി നിർദ്ദേശവും, അത് പരിഗണിക്കുന്നതിനായി വിളിച്ചു ചേർക്കപ്പെടുന്ന പ്രത്യേക പൊതുയോഗം നിശ്ചയിച്ചിട്ടുള്ള തീയതിയ്ക്ക് ഇരുപത്തിയൊന്ന് ദിവസം മുൻപായിട്ടെങ്കിലും എല്ലാ അംഗങ്ങൾക്കും നോട്ടീസായി

നൽകുകയോ തപാൽ മുഖേന അയയ്ക്കുകയോ ചെയ്തിട്ടില്ലാത്തപക്ഷവും, വോട്ട് ചെയ്യാൻ അർഹതപ്പെട്ട അംഗങ്ങളിൽ നേരിട്ട് ഹാജരായിട്ടുള്ള അംഗങ്ങളുടെയും പകരം വോട്ട് ചെയ്യാൻ നിയുക്തനാക്കപ്പെട്ടിട്ടുണ്ടെങ്കിൽ അവരുടെയും നാലിൽ മൂന്ന് അംഗങ്ങൾ ഹാജരാകാത്തപക്ഷവും അവരുടെ വോട്ടിന്റെ ഭൂരിപക്ഷത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിക്കപ്പെടാത്തപക്ഷവും, ആ യോഗത്തിന് മുപ്പത് ദിവസത്തിനുശേഷം വിളിച്ചു ചേർക്കപ്പെടുന്ന ഒരു രണ്ടാമത്തെ പ്രത്യേക പൊതുയോഗത്തിൽ സമാനമായ ഭൂരിപക്ഷത്തിൽ ശരിവയ്ക്കാത്തപക്ഷവും, അംഗീകരിച്ചതായി കരുതപ്പെടുന്നതല്ല.

(2) (1)-ാം ഉപവകുപ്പ് പ്രകാരം അംഗീകരിച്ച മെമ്മോറാണ്ടം ഓഫ് അസോസിയേഷനിലെ ഓരോ ഭേദഗതിയും അത് അംഗീകരിച്ചതു മുതൽ മുപ്പത് ദിവസത്തിനകം രജിസ്ട്രാർ മുമ്പാകെ സമർപ്പിക്കേണ്ടതും, രജിസ്ട്രാറിന് അങ്ങനെയുള്ള ഭേദഗതി, ഈ ആക്റ്റിലേയും അതിൻ കീഴിലെ ചട്ടങ്ങളിലെയും വ്യവസ്ഥകൾക്ക് അനുസൃതമാണെന്ന് ബോദ്ധ്യപ്പെടുന്നപക്ഷം, നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള, ഫീസ് ഈടാക്കിക്കൊണ്ട് ഫയൽ ചെയ്യാവുന്നതും ഫയൽ ചെയ്യുന്ന തീയതി മുതൽ ആയത് പ്രാബല്യത്തിൽ വരുന്നതുമാണ് :

എന്നാൽ, അപ്രകാരം ഫയൽ ചെയ്യാതിരിക്കുന്നപക്ഷം അങ്ങനെയുള്ള ഭേദഗതിക്ക് യാതൊരു പ്രഭാവവും ഉണ്ടായിരിക്കുന്നതല്ല:

എന്നുമാത്രമല്ല, അങ്ങനെയുള്ള ഭേദഗതി യഥാസമയം ഫയൽ ചെയ്യാൻ കഴിയാതിരുന്നതിന് മതിയായ കാരണം രജിസ്ട്രാറിന് ബോദ്ധ്യപ്പെടുന്നപക്ഷം, ഫീസിനോടൊപ്പം, നിർണ്ണയിക്കപ്പെടുന്ന പ്രകാരം, പരമാവധി ആയിരം രൂപയിൽ അധികരിക്കാത്ത തുക പിഴ ഒടുക്കി ആയത് ഫയൽ ചെയ്യാവുന്നതാണ്.

(3) (2)-ാം ഉപവകുപ്പിൻ കീഴിൽ മെമ്മോറാണ്ടം ഓഫ് അസോസിയേഷനിലെ ഭേദഗതി ഫയൽ ചെയ്യുന്നത് നിരസിക്കുന്നപക്ഷം നിരസിക്കൽ അറിയിപ്പ് ലഭിച്ച തീയതി മുതൽ അറുപത് ദിവസത്തിനകം രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ മുമ്പാകെ ഒരു അപ്പീൽ ഫയൽ ചെയ്യാവുന്നതാണ് :

എന്നാൽ, അപ്രകാരം അപ്പീൽ സമർപ്പിക്കാത്ത സംഗതിയിൽ, മതിയായ കാരണം ബോധ്യമാകുന്നപക്ഷം, കാലതാമസം മാപ്പാക്കി അപ്പീൽ കാലാവധി മുപ്പത് ദിവസത്തിൽ അധികരിക്കാത്തവിധം ദീർഘിപ്പിച്ച് നൽകുന്നതിന് അപ്പീൽ അധികാരിക്ക് അധികാരം ഉണ്ടായിരിക്കുന്നതുമാണ്.

(4) രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ നിരസിക്കുന്ന ഉത്തരവിനെതിരെ നിരസിക്കൽ അറിയിപ്പ് ലഭിച്ച തീയതി മുതൽ മുപ്പത് ദിവസത്തിനകം സർക്കാരിലേക്ക് ഒരു റിവിഷൻ ഫയൽ ചെയ്യാവുന്നതാണ്.

(5) സർക്കാരിന് സ്വമേധയാ (3)-ാം ഉപവകുപ്പ് പ്രകാരം അപ്പീൽ ഫയൽ ചെയ്തിട്ടില്ലാത്ത സംഗതിയിലോ അപ്പീൽ തീർപ്പാക്കിക്കൊണ്ട് രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ പുറപ്പെടുവിക്കുന്ന ഉത്തരവിൻമേലോ ഉചിതമായ ഉത്തരവ് പാസ്സാക്കാവുന്നതാണ്.

12. <u>ചട്ടങ്ങളുടെയും റഗുലേഷനുകളുടെയും ഭേദഗതി</u>.—(1) ഒരു സംഘത്തിന്റെ ചട്ടങ്ങളിലെയും റഗുലേഷനുകളിലെയും വ്യവസ്ഥകൾ, അതിലേക്കായി ഇരുപത്തിയൊന്ന് ദിവസം മുമ്പായി സംഘത്തിന്റെ ഓരോ അംഗത്തിനും നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം നോട്ടീസ് നൽകിയതിനു ശേഷം, വിളിച്ചുചേർക്കുന്ന ഒരു പ്രത്യേക യോഗത്തിൽ പാസ്സാക്കുന്ന ഒരു പ്രമേയം വഴി, ഭേദഗതി ചെയ്യാവുന്നതാണ് :

എന്നാൽ, അപ്രകാരമുള്ള യാതൊരു പ്രമേയവും, വോട്ട് ചെയ്യാൻ അർഹതപ്പെട്ട ആകെ അംഗങ്ങളുടെ നാലിൽമൂന്നോ അതിലധികമോ അംഗങ്ങളുടെ ഹാജരിന്റെയും നേരിട്ട് ഹാജരായിട്ടുള്ളവരുടെയും പകരം വോട്ട് ചെയ്യാൻ നിയുക്തനാക്കപ്പെട്ടിട്ടുണ്ടെങ്കിൽ അവരുടെയും വോട്ടിന്റെ കേവലഭൂരിപക്ഷത്തിലും അംഗീകരിക്കപ്പെടാത്തപക്ഷവും അംഗീകരിച്ചതായി കരുതപ്പെടുന്നതല്ല.

(2) (1)-ാം ഉപവകുപ്പ് പ്രകാരം അംഗീകരിച്ച ഭേദഗതി സംബന്ധിച്ച എല്ലാ പ്രമേയവും അത് അംഗീകരിച്ചതു മുതൽ മുപ്പത് ദിവസത്തിനകം രജിസ്ട്രാർ മുമ്പാകെ സമർപ്പിക്കേണ്ടതും, രജിസ്ട്രാറിന് അങ്ങനെയുള്ള ഭേദഗതി ഈ ആക്റ്റിലെയും അതിൻ കീഴിലെ ചട്ടങ്ങളിലെയും വ്യവസ്ഥകൾക്ക് അനുസൃതമാണെന്ന് ബോദ്ധ്യപ്പെടുന്ന പക്ഷം നിർണ്ണയിക്കപ്പെട്ട ഫീസ് ഈടാക്കിക്കൊണ്ട് ഭേദഗതി ഫയൽ ചെയ്യാവുന്നതും പ്രസ്തുത ഭേദഗതി അപ്രകാരം ഫയൽ ചെയ്യുന്ന തീയതി മുതൽ പ്രാബല്യത്തിൽ വരുന്നതുമാണ്:

എന്നാൽ, അപ്രകാരം ഫയൽ ചെയ്യാത്ത പക്ഷം, അങ്ങനെയുള്ള ഭേദഗതിക്ക് യാതൊരു പ്രഭാവവും ഉണ്ടായിരിക്കുന്നതല്ല:

എന്നുമാത്രമല്ല, അങ്ങനെയുള്ള ഭേദഗതി യഥാസമയം ഫയൽ ചെയ്യാൻ കഴിയാതിരുന്നതിന് മതിയായ കാരണം രജിസ്ട്രാറിന് ബോദ്ധ്യപ്പെടുന്നപക്ഷം, ഫീസിനോടൊപ്പം ആയിരം രൂപയിൽ അധികരിക്കാത്ത പിഴ തുക ഒടുക്കി ആയത് ഫയൽ ചെയ്യാവുന്നതാണ്.

(3) (2)-ാം ഉപവകുപ്പ് പ്രകാരമുള്ള ഭേദഗതി, ഫയൽ ചെയ്യുന്നത് രജിസ്ട്രാർ നിരസിക്കുന്നപക്ഷം അപ്രകാരം നിരസിച്ചുകൊണ്ടുള്ള അറിയിപ്പ് ലഭിച്ച തീയതി മുതൽ അറുപത് ദിവസത്തിനകം രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ മുമ്പാകെ ഒരു അപ്പീൽ ഫയൽ ചെയ്യാവുന്നതാണ്.

(4) എന്നാൽ അപ്രകാരം അപ്പീൽ സമർപ്പിക്കാത്ത സംഗതിയിൽ മതിയായ കാരണം ബോധ്യമാകുന്നപക്ഷം, കാലതാമസം മാപ്പാക്കി അപ്പീൽ കാലാവധി മുപ്പത് ദിവസത്തിൽ അധികരിക്കാത്തവിധം ദീർഘിപ്പിച്ച് നൽകുന്നതിന് അപ്പീൽ അധികാരിക്ക് അധികാരം ഉണ്ടായിരിക്കുന്നതുമാണ്.

(5) രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ നിരസിക്കുന്ന ഉത്തരവിനെതിരെ നിരസിക്കൽ അറിയിപ്പ് ലഭിച്ച തീയതി മുതൽ മുപ്പത് ദിവസത്തിനകം സർക്കാരിലേക്ക് ഒരു റിവിഷൻ ഫയൽ ചെയ്യാവുന്നതാണ്.

(6) സർക്കാരിന് സ്വമേധയാ, (3)-ാം ഉപവകുപ്പ് പ്രകാരം അപ്പീൽ സമർപ്പിക്കാത്ത സംഗതിയിലോ അപ്പീൽ തീർപ്പാക്കിക്കൊണ്ട് രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ പുറപ്പെടുവിക്കുന്ന ഉത്തരവിൻമേലോ ഉചിതമായ ഉത്തരവ് പാസ്സാക്കാവുന്നതാണ്.

13. <u>സംഘത്തിന്റെ വസ്തു എങ്ങനെ നിക്ഷിപ്തമാക്കണമെന്ന്</u>.—ഈ ആക്റ്റിൻ കീഴിൽ രജിസ്റ്റർ ചെയ്യപ്പെട്ട ഒരു സംഘത്തിന്റെ സ്ഥാവര-ജംഗമ വസ്തുക്കൾ, മറ്റ് രീതിയിൽ വ്യവസ്ഥ ചെയ്യാത്തപക്ഷം ഭരണസമിതിയുടെ പേരിൽ നിക്ഷിപ്തമാക്കപ്പെട്ടതായി കരുതപ്പെടേണ്ടതും എല്ലാ സിവിൽ, ക്രിമിനൽ വ്യവഹാരങ്ങളിലും അങ്ങനെയുള്ള സംഘത്തിന്റെ ഭരണസമിതിയുടെ വസ്തുവായി വിവരിക്കപ്പെടേണ്ടതുമാണ്.

14. <u>അംഗങ്ങളുടെ രജിസ്റ്റർ സംഘം സൂക്ഷിക്കണമെന്ന്</u>.—(1) ഓരോ സംഘവും അതിന്റെ അംഗങ്ങളെ സംബന്ധിച്ച് ഇനിപ്പറയുന്ന വിശദാംശങ്ങൾ അടങ്ങുന്ന ഒരു രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്, അതായത് :—

(എ) അംഗങ്ങളുടെ പേര്, മേൽവിലാസം, തൊഴിൽ;

(ബി) അംഗത്വം ലഭിച്ച തീയതി;

(സി) അംഗത്വം അവസാനിച്ച തീയതി.

(2) ഈ വകുപ്പിലെ വ്യവസ്ഥകൾ പാലിക്കുന്നതിൽ വീഴ്ച വരുത്തുന്നപക്ഷം നിർണ്ണയിക്കപ്പെടുന്ന പ്രകാരം ആയിരം രൂപയിൽ അധികരിക്കാത്ത തുക പിഴ ഒടുക്കുന്നതിന് സംഘത്തിന്റെ ഭരണസമിതി ബാദ്ധ്യസ്ഥമായിരിക്കുന്നതാണ്.

## അദ്ധ്യായം - 3

## പൊതുയോഗവും റിട്ടേൺ സമർപ്പണവും

15. <u>പൊതുയോഗം</u>.—(1) ഈ ആക്റ്റിൻ കീഴിൽ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള ഓരോ സംഘവും ഓരോ വർഷവും വാർഷിക പൊതുയോഗം വിളിച്ച് ചേർക്കേണ്ടതും അതിൽ സംഘത്തിന്റെ ഭരണം സംബന്ധിച്ച് മുൻവർഷത്തെ വാർഷിക പ്രവർത്തന റിപ്പോർട്ടും

ആഡിറ്റ് ചെയ്ത ബാലൻസ് ഷീറ്റും വരവ് ചെലവ് കണക്കുകളും ആഡിറ്റ് റിപ്പോർട്ടും അംഗീകാരത്തിനായി സമർപ്പിക്കേണ്ടതുമാണ് :

എന്നാൽ, രജിസ്ട്രാറിന്, ഭരണസമിതി സമർപ്പിക്കുന്ന പ്രത്യേക കാരണത്താൽ, അപ്രകാരം ബോധ്യപ്പെടുന്നപക്ഷം, ഒരു വാർഷിക പൊതുയോഗം വിളിച്ച് ചേർക്കേണ്ട കാലയളവ് വീണ്ടും ആറുമാസത്തേക്ക് കൂടി, നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള ഫീസ് ഈടാക്കിക്കൊണ്ട്, ദീർഘിപ്പിച്ച് നൽകാവുന്നതാണ് :

എന്നുമാത്രമല്ല, മേൽ പറഞ്ഞിരിക്കുന്ന സംഗതിയിലൊഴികെ, രണ്ട് വാർഷിക പൊതുയോഗങ്ങൾ തമ്മിലുള്ള കാലയളവ് പതിനഞ്ച് മാസം കവിയാൻ പാടുള്ളതല്ല.

(2) അപ്രകാരം ചേരുന്ന വാർഷിക പൊതുയോഗത്തിൽ, സംഘത്തിന്റെ ചട്ടങ്ങളിലും റഗുലേഷനുകളിലും വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം, ഭരണ സമിതിയിലേക്കുള്ള തിരഞ്ഞെടുപ്പ് നടത്തേണ്ടതും, ഭരണ സമിതിയിൽ ഏറ്റവും കുറഞ്ഞത് മൂന്ന് അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതുമാണ്.

(3) സംഘം രജിസ്റ്റർ ചെയ്ത് ഇരുപത്തിയൊന്ന് ദിവസങ്ങൾക്കകം സംഘത്തിന്റെ ആദ്യ ഭരണസമിതിയുടെ അംഗങ്ങളുടെ പട്ടിക രജിസ്ട്രാറുടെ മുമ്പാകെ സമർപ്പിക്കേണ്ടതും, വാർഷിക പൊതുയോഗം നടത്തിയ തീയതി മുതൽ ഇരുപത്തിയൊന്ന് ദിവസങ്ങൾക്കകം ഭരണസമിതി പട്ടികയും ആഡിറ്റ് ചെയ്ത വരവ് ചെലവ് കണക്കുകളും സമർപ്പിക്കേണ്ടതുമാണ് :

എന്നാൽ, ഏതെങ്കിലും കാരണത്താൽ ഭരണസമിതി പട്ടികയോ ആഡിറ്റ് ചെയ്ത വരവ് ചെലവ് കണക്കുകളോ യഥാസമയം സമർപ്പിക്കാൻ കഴിയാതെ വരുന്ന സംഗതിയിൽ, നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം ആയിരം രൂപയിൽ അധികരിക്കാത്ത തുക പിഴയായി ഒടുക്കി അതോടൊപ്പം ആയത് ഫയൽ ചെയ്യാവുന്നതാണ്.

(4) ഓരോ സംഘവും, പൊതുയോഗത്തിന്റെ എല്ലാ നടപടിക്രമങ്ങളും സംബന്ധിച്ച, യോഗ നടപടിക്രമം അതിലേക്കായി സൂക്ഷിച്ചിട്ടുള്ള പുസ്തകത്തിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതും, അങ്ങനെയുള്ള യോഗ നടപടിക്രമം, യോഗത്തിലെ പ്രസിഡന്റ് അല്ലെങ്കിൽ ചെയർപേഴ്സൺ ഒപ്പ് വയ്ക്കേണ്ടതുമാണ്.

(5) ഭരണസമിതിയുടെ പ്രസിഡന്റോ അല്ലെങ്കിൽ ചെയർപേഴ്സണോ സംഘത്തിന്റെ ആകെ അംഗങ്ങളിൽ, വോട്ടവകാശം ഉള്ള അംഗങ്ങളുടെ പത്തിൽ ഒന്ന് അംഗങ്ങളുടെ ആവശ്യപ്രകാരം, അവർ ഏതു കാര്യത്തിനായാണ് യോഗം വിളിക്കുന്നത് എന്ന് രേഖാമൂലം എഴുതി നൽകുന്നപക്ഷം, അങ്ങനെയുള്ള ആവശ്യം രേഖാമൂലം ലഭിച്ച് പത്ത് ദിവസത്തിനകം അത് പരിഗണിക്കുന്നതിലേക്കായി ഒരു യോഗം യഥാവിധി വിളിച്ച് ചേർക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതും, അങ്ങനെയുള്ള യോഗം ചേരുന്നത് ഒരു

കാരണവശാലും രേഖാമൂലം ആവശ്യം ലഭിച്ച തീയതി മുതൽ നാൽപ്പത് ദിവസം കഴിയാൻ പാടില്ലാത്തതുമാണ്.

16. കാലതാമസം മാപ്പാക്കൽ.—ഒരു സംഘത്തിന്റെ പ്രമാണങ്ങളോ കണക്കുകളുടെ വാർഷിക പത്രികയോ അംഗങ്ങളുടെ പട്ടികയോ സമർപ്പിക്കുന്നതിൽ ഉണ്ടാകുന്ന കാലതാമസം, അവയിൽ ഏതെങ്കിലും ഒന്നോ എല്ലാമോ സമർപ്പിക്കുന്നതിലുള്ള കാലതാമസത്തിന് ഓരോ വർഷത്തേക്കും സർക്കാർ, കാലാകാലങ്ങളിൽ ഉത്തരവ് വഴി, നിശ്ചയിക്കുന്ന തുക പിഴ നൽകുന്നതിലൂടെ മാപ്പാക്കാവുന്നതും അങ്ങനെയുള്ള രേഖകൾ സമർപ്പിച്ചിട്ടുള്ളത് ക്രമവൽക്കരിക്കാവുന്നതുമാണ്.

17. ഇലക്ട്രോണിക് സംവിധാനത്തിലൂടെ റിട്ടേണുകൾ തുടങ്ങിയവ ഫയൽ ചെയ്യൽ.—സർക്കാരിന്, ഈ ആക്റ്റ് പ്രകാരം രജിസ്റ്റർ ചെയ്യപ്പെട്ട സംഘങ്ങളോട്, ഈ ആക്റ്റ് പ്രകാരം സമർപ്പിക്കേണ്ടതായ റിട്ടേണുകളും ഫാറങ്ങളും മറ്റ് രേഖകളും നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം അങ്ങനെയുള്ള രീതിയിൽ ഇലക്ട്രോണിക് സംവിധാനത്തിലൂടെ സമർപ്പിക്കുവാൻ ആവശ്യപ്പെടാവുന്നതാണ്.

18. കണക്കുപുസ്തകങ്ങളും ആഡിറ്റും.—(1) ഓരോ സംഘത്തിന്റെയും ഭരണസമിതി, സംഘത്തിന്റെ രജിസ്റ്റർ ചെയ്ത ഓഫീസിലോ ഭരണസമിതിക്ക് യുക്തമെന്ന തോന്നുന്നപക്ഷം, സംഘം രജിസ്ട്രാറുടെ അധികാരപരിധിയിലുള്ള മറ്റേതെങ്കിലും സ്ഥലത്തോ,—

(എ) സംഘത്തിന് ലഭിച്ചതും ചെലവാക്കിയതുമായ എല്ലാ തുകകളും ഏതെല്ലാം കാര്യങ്ങൾക്കായാണ് തുക ലഭിച്ചതെന്നും ചെലവാക്കിയതെന്നും;

(ബി) സംഘം നടത്തിയിട്ടുള്ള എല്ലാ വിൽപ്പനയും വാങ്ങലും;

(സി) സംഘത്തിന്റെ ആസ്തികളും ബാദ്ധ്യതകളും

സംബന്ധിച്ച ശരിയായ കണക്ക് പുസ്തകങ്ങൾ സൂക്ഷിക്കേണ്ടതാണ്.

(2) (1)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾ പാലിക്കുന്നതിൽ വീഴ്ച വരുത്തുന്ന പക്ഷം, ഭരണസമിതിയിലെ ഓരോ അംഗവും തന്റെ അറിഞ്ഞുകൊണ്ടുള്ള കൃത്യത്താലോ കൃത്യവിലോപത്താലോ ആണ് അങ്ങനെയുള്ള വീഴ്ച സംഭവിച്ചത് എങ്കിൽ, നിർണ്ണയിക്കപ്പെടുന്ന പ്രകാരം, ആയിരം രൂപയിൽ അധികരിക്കാത്ത തുക പിഴയായി ഒടുക്കുവാൻ ബാദ്ധ്യസ്ഥനായിത്തീരുന്നതാണ്.

(3) ഓരോ സംഘത്തിന്റെയും കണക്കുകൾ ഓരോ വർഷവും, യഥാവിധി യോഗ്യനായ ഒരു ആഡിറ്റർ ആഡിറ്റ് ചെയ്യേണ്ടതും അദ്ദേഹം ബാലൻസ്ഷീറ്റ് തയ്യാറാക്കേണ്ടതും, വരവ് ചെലവ് കണക്കുകൾ സംബന്ധിച്ച സാക്ഷ്യപ്പെടുത്തിയ പ്രസ്താവന സമർപ്പിക്കേണ്ടതുമാണ്:

എന്നാൽ, ഒരു ലക്ഷം രൂപയിൽ താഴെ വാർഷിക വരുമാനമുള്ള സംഘങ്ങളുടെ സംഗതിയിൽ, ഭരണസമിതിയംഗമല്ലാത്ത അംഗങ്ങളിൽ നിന്നും ഒരാളെ ആഡിറ്ററായി നിയോഗിച്ച് കണക്കുകൾ ആഡിറ്റ് ചെയ്താൽ മതിയാകുന്നതാണ്.

(4) രജിസ്ട്രാറുടെ മുൻകൂർ അനുമതിയോടെ ഡിസംബർ 31-ാം തീയതിയല്ലാതെ മറ്റൊരു തീയതി വരെ കണക്കുകൾ തയ്യാർ ചെയ്യുന്ന ഒരു സംഘത്തിന്റെ സംഗതിയിൽ, അങ്ങനെയുള്ള സംഘത്തിന് അങ്ങനെയുള്ള അനുമതി ലഭിച്ച ശേഷമുള്ള ആദ്യത്തെ ബാലൻസ്ഷീറ്റും വരവ് ചെലവ് കണക്കുകളും, (2)-ാം ഉപവകുപ്പിന്റെ ആവശ്യത്തിലേക്കായി മുൻകൂർ അനുമതിയിൽ രജിസ്ട്രാർ വ്യവസ്ഥ ചെയ്യുന്ന പ്രകാരമുള്ള അങ്ങനെയുള്ള കാലയളവിലേക്കായിരിക്കുന്നതാണ്.

<u>വിശദീകരണം;</u>—ഈ വകുപ്പിന്റെ ആവശ്യത്തിലേക്കായി "യഥാവിധി യോഗ്യനായ ഒരു ആഡിറ്റർ" എന്നാൽ 1949-ലെ ചാർട്ടേഡ് അക്കൗണ്ടന്റ്സ് ആക്റ്റ് (1949-ലെ 38-ാം കേന്ദ്ര ആക്റ്റ്) പ്രകാരമുള്ള ഒരു ചാർട്ടേഡ് അക്കൗണ്ടന്റ് എന്നർത്ഥമാകുന്നു.

19. <u>രജിസ്ട്രാർ മുമ്പാകെ ബാലൻസ്ഷീറ്റും ഭരണസമിതിയുടെ വാർഷിക പട്ടികയും ഫയൽ ചെയ്യണമെന്ന്</u>.—ഒരു സംഘത്തിന്റെ വാർഷിക പൊതുയോഗം നടന്ന തീയതി മുതൽ ഇരുപത്തിയൊന്ന് ദിവസത്തിനകം രജിസ്ട്രാർ മുമ്പാകെ, സംഘത്തിന്റെ ഭരണസമിതിയുടെ അംഗങ്ങളുടെ പേരുകളും മേൽവിലാസങ്ങളും തൊഴിലും അടങ്ങുന്ന ഒരു പട്ടികയും, 18-ാം വകുപ്പുപ്രകാരം ആഡിറ്റർ സാക്ഷ്യപ്പെടുത്തിയ വാർഷിക ബാലൻസ്ഷീറ്റിന്റെയും വരവ് ചെലവ് കണക്കുകളുടെയും പകർപ്പും സമർപ്പിക്കേണ്ടതാണ്:

എന്നാൽ, മതിയായ ഏതെങ്കിലും കാരണത്താൽ ഭരണസമിതിയംഗങ്ങളുടെ പട്ടികയും വാർഷിക ബാലൻസ്ഷീറ്റും വരവ് ചെലവ് കണക്കുകളുടെ പകർപ്പും സംഘത്തിന്റെ വാർഷിക പൊതുയോഗം നടന്ന് ഇരുപത്തിയൊന്ന് ദിവസത്തിനകം സമർപ്പിക്കുന്നതിന് കഴിയാതെ വന്നാൽ, കാലതാമസം മാപ്പാക്കുന്നതിനുള്ള ആവശ്യത്തിലേയ്ക്കായും രേഖകൾ ഫയൽ ചെയ്യുന്നതിനുള്ള അനുമതിക്കായും രജിസ്ട്രാർ മുമ്പാകെ ഒരു അപേക്ഷ സമർപ്പിക്കാവുന്നതും, അപ്രകാരം കാലതാമസം ഉണ്ടായതിന് മതിയായ കാരണം ഉണ്ടെന്ന് രജിസ്ട്രാർക്ക് ബോദ്ധ്യപ്പെടുന്നപക്ഷം, കാലതാമസം മാപ്പാക്കിക്കൊണ്ടും രേഖകൾ സമർപ്പിക്കുന്നതിന് അനുമതി നൽകിക്കൊണ്ടും നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള പിഴ ഒടുക്കുന്നതിന് വിധേയമായി ഉത്തരവാകാവുന്നതും, മതിയായ കാരണങ്ങൾ ബോദ്ധ്യപ്പെടാത്ത പക്ഷം, സംഘത്തിനെ നേരിൽ കേൾക്കുന്നതിനുള്ള ഒരു അവസരം നൽകിയശേഷം അപേക്ഷ നിരസിക്കാവുന്നതും സംഘത്തിന് അങ്ങനെയുള്ള രേഖകൾ തിരികെ നൽകാവുന്നതുമാണ്:

എന്നുമാത്രമല്ല, ഒരു സംഘം അങ്ങനെയുള്ള രേഖകൾ സമർപ്പിക്കുന്നതിന് തുടർച്ചയായ അഞ്ച് വർഷം പരാജയപ്പെടുന്നപക്ഷം, രജിസ്ട്രാർ, സംഘത്തെ നേരിൽ കേൾക്കുന്നതിന് ഒരു അവസരം നൽകിയശേഷം ആ സംഘത്തിന്റെ രജിസ്ട്രേഷൻ റദ്ദ്

ചെയ്യുന്നതിനോ പ്രവർത്തനം തുടരുന്നതിനോ ഒരു ഉത്തരവ് നൽകേണ്ടതും സംഘം പിരിച്ചുവിടുന്നപക്ഷം സംഘത്തിന്റെ ആസ്തികൾ വിതരണം ചെയ്യുന്നതിനും ബാദ്ധ്യതകൾ ഒഴിവാക്കികിട്ടുന്നതിനും 30-ാം വകുപ്പിൻ കീഴിൽ സംഘം പിരിച്ചുവിട്ടാലെന്നപോലെയുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്.

വിശദീകരണം;—ഈ ക്ലിപ്തനിബന്ധനയുടെ ആവശ്യത്തിലേക്കായി, ഏതെങ്കിലും വർഷത്തേക്ക് രേഖകൾ സമർപ്പിക്കുന്നതിൽ കാലതാമസം മാപ്പാക്കുന്നതിനുള്ള അപേക്ഷ നിരസിക്കപ്പെടുകയും ഒന്നാം ക്ലിപ്തനിബന്ധന പ്രകാരം രേഖകൾ തിരികെ നൽകുകയും ചെയ്തിട്ടുണ്ടെങ്കിൽ ആ സംഘം ആ വർഷത്തേക്ക് രേഖകൾ സമർപ്പിക്കുന്നതിൽ വീഴ്ച വരുത്തിയതായി കണക്കാക്കപ്പെടുന്നതുമാണ്.

## അദ്ധ്യായം - 4

## വ്യവഹാരവും അതുമായി ബന്ധപ്പെട്ട കാര്യങ്ങളും

20. സംഘത്തിനാലും സംഘത്തിനെതിരെയുമുള്ള വ്യവഹാരങ്ങൾ.—ഈ ആക്റ്റിൻ കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഓരോ സംഘവും, ചട്ടങ്ങളും റഗുലേഷനും പ്രകാരം തീരുമാനിക്കപ്പെടുന്ന പ്രസിഡന്റ്, ചെയർപേഴ്സൺ, സെക്രട്ടറി അല്ലെങ്കിൽ സംഘത്തിന്റെ ഭരണസമിതി നിയമിക്കുന്ന വ്യക്തി അല്ലെങ്കിൽ ഭാരവാഹിയുടെ പേരിൽ വ്യവഹാരം ചെയ്യേണ്ടതും ചെയ്യപ്പെടേണ്ടതുമാണ്.

21. വ്യവഹാരങ്ങൾ ഉപശമിക്കുകയില്ലെന്ന്.—ഏതെങ്കിലും സിവിൽ കോടതി മുമ്പാകെ ഒരു സംഘത്തിനാലോ സംഘത്തിനെതിരായോ ഉള്ള ഒരു വ്യവഹാരമോ നടപടിയോ, ആ വ്യവഹാരമോ നടപടിയോ, ആരാണോ അല്ലെങ്കിൽ ആർക്കെതിരെയാണോ കൊണ്ടുവന്നിട്ടുള്ളത് അയാൾ മരണപ്പെടുകയോ വ്യവഹാരപ്പെട്ടിട്ടുള്ള സ്ഥാനത്തുനിന്നും മാറ്റപ്പെടുകയോ ചെയ്തുവെന്ന കാരണത്താൽ ഉപശമിക്കുകയില്ലാത്തതും ആ വ്യവഹാരം അല്ലെങ്കിൽ നടപടി അയാളുടെ പിൻഗാമിയുടെ പേർക്ക് തുടരേണ്ടതുമാണ്.

22. സംഘത്തിനെതിരെയുള്ള വിധി നടപ്പിലാക്കൽ.—(1) സംഘത്തിനു വേണ്ടി നിർദ്ദേശിക്കപ്പെട്ട ആളിനോ ഓഫീസർക്കോ എതിരെ പുറപ്പെടുവിച്ചിട്ടുള്ള ഒരു വിധിന്യായം, അങ്ങനെയുള്ള ആളിനോ ഓഫീസറിനോ അല്ലെങ്കിൽ അങ്ങനെയുള്ള ആളിന്റെയോ ഓഫീസറിന്റെയോ സ്ഥാവര-ജംഗമ വസ്തുക്കൾക്കെതിരെയോ, നടത്താൻ പാടില്ലാത്തതും എന്നാൽ സംഘത്തിന്റെ വസ്തുവിനെതിരെ നടത്തേണ്ടതുമാണ്.

(2) വിധി നടപ്പിലാക്കുന്നതിനായി സമർപ്പിക്കുന്ന അപേക്ഷയിൽ സംഘത്തിനു വേണ്ടി ആരാണോ അല്ലെങ്കിൽ ആർക്കെതിരെയാണോ, അതതുസംഗതിപോലെ, വിധിന്യായം പുറപ്പെടുവിക്കപ്പെട്ടിട്ടുള്ളത് എന്നതിന്റെ വസ്തുതകൾ സമർപ്പിക്കേണ്ടതും സംഘത്തിന്റെ വസ്തുക്കൾക്കെതിരായി വിധിന്യായം നടത്തണമെന്ന് ആവശ്യപ്പെടുകയും ചെയ്യേണ്ടതാണ്.

23. ബൈലാ പ്രകാരം ഉണ്ടാകുന്ന പിഴ ഈടാക്കൽ.—സംഘത്തിന്റെ ചട്ടങ്ങളും റഗുലേഷനുകളും പ്രകാരം യഥാവിധി ഉണ്ടാക്കിയിട്ടുള്ള ഏതെങ്കിലും ബൈലോയിലോ, ബൈലോ ഉണ്ടാക്കാൻ ചട്ടങ്ങളും റഗുലേഷനുകളും വ്യവസ്ഥ ചെയ്യുന്നില്ലെങ്കിൽ അതിലേക്കായി വിളിച്ചുചേർക്കപ്പെട്ട പൊതുയോഗത്തിൽ ഹാജരുള്ള അംഗങ്ങളിൽ നാലിൽ മൂന്നിന്റെ ഭൂരിപക്ഷത്തോടെ പാസ്സാക്കപ്പെട്ട ബൈലോയിലോ, സംഘത്തിന്റെ ഏതെങ്കിലും ചട്ടമോ ബൈലോയോ ലംഘിക്കുന്നതിന് പിഴ ചുമത്തിയിട്ടുണ്ടെങ്കിൽ, ആയത് എതിർകക്ഷി താമസിക്കുന്ന സ്ഥലത്തിന്റെയോ അല്ലെങ്കിൽ സംഘം സ്ഥിതി ചെയ്യുന്ന സ്ഥലത്തിന്റെയോ, സംഘത്തിന്റെ ഭരണസമിതിയ്ക്ക് യുക്തമെന്ന് ബോദ്ധ്യപ്പെടുന്ന, അധികാരിതയുള്ള കോടതി മുഖേന ഈടാക്കിയെടുക്കാവുന്നതാണ്.

24. അംഗങ്ങൾക്കെതിരെ വ്യവഹാരപ്പെടാമെന്ന്.—സംഘത്തിന്റെ ചട്ടപ്രകാരം അടയ്ക്കേണ്ട വരിസംഖ്യ കുടിശ്ശിക വരുത്തുകയോ, ചട്ടങ്ങൾക്ക് വിരുദ്ധമായി സംഘത്തിന്റെ ഏതെങ്കിലും വസ്തുക്കൾ ഏതെങ്കിലും രീതിയിലോ കാലത്തേക്കോ കൈവശം വയ്ക്കുകയോ തടഞ്ഞുവയ്ക്കുകയോ, അല്ലെങ്കിൽ സംഘത്തിന്റെ ഏതെങ്കിലും വസ്തുക്കൾ കേടുവരുത്തുകയോ നശിപ്പിക്കുകയോ ചെയ്യുന്ന സംഘത്തിന്റെ ഏതൊരംഗത്തിനെതിരായും ഇതിനു മുൻപായി വ്യവസ്ഥ ചെയ്തിട്ടുള്ള രീതിയിൽ, അങ്ങനെയുള്ള കുടിശ്ശികയ്ക്കായോ അങ്ങനെയുള്ള തടഞ്ഞുവയ്ക്കലോ കൈവശം വയ്ക്കലോ കേടുവരുത്തലോ നശിപ്പിക്കലോ മൂലം ഉണ്ടായ നഷ്ടത്തിന് നഷ്ടപരിഹാരം ഈടാക്കുന്നതിനായോ വ്യവഹാരപ്പെടാവുന്നതാണ്.

25. കുറ്റക്കാരായ അംഗങ്ങൾ അന്യരെപ്പോലെ ശിക്ഷാർഹരാണെന്ന്.—സംഘത്തിന്റെ ഏതെങ്കിലും പണമോ മറ്റ് വസ്തുക്കളോ അപഹരിക്കുകയോ അല്ലെങ്കിൽ, ബോധപൂർവ്വം സംഘത്തിന്റെ വസ്തുവിനെ നശിപ്പിക്കുകയോ, ഏതെങ്കിലും പ്രമാണമോ, ഉടമ്പടിയോ പണത്തിനുള്ള ഈടോ, രസീതോ മറ്റേതെങ്കിലും രേഖകളോ സംഘത്തിന്റെ ധനം നഷ്ടപ്പെടുത്തുന്നതിലേക്കായി വ്യാജമായി നിർമ്മിക്കുകയോ ചെയ്യുന്ന ഏതൊരംഗവും, അതേ കുറ്റത്തിന് അംഗമല്ലാത്ത ഒരാൾ എപ്രകാരം കുറ്റസ്ഥാപനത്തിനും ശിക്ഷയ്ക്കും വിധേയനാകുന്നുവോ അപ്രകാരം കുറ്റസ്ഥാപനത്തിന് വിധേയനാകുന്നതും ശിക്ഷാർഹനായിത്തീരുന്നതുമാണ്.

## അദ്ധ്യായം - 5

## സംഘങ്ങളുടെ സംയോജനവും പിരിച്ചുവിടലും

26. സംഘങ്ങളുടെ സംയോജനത്തിനുള്ള നടപടിക്രമം.—(1) ഈ ആക്റ്റിൻ കീഴിൽ രജിസ്റ്റർ ചെയ്യപ്പെട്ട സംഘത്തിന്റെ ഭരണസമിതിക്ക്, ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിധേയമായി, അത് രജിസ്റ്റർ ചെയ്യപ്പെട്ട ഉദ്ദേശ്യങ്ങളിൽ വ്യത്യാസം വരുത്തണമെന്നോ അത് വിപുലീകരിക്കണമെന്നോ കുറയ്ക്കണമെന്നോ അല്ലെങ്കിൽ, മറ്റേതെങ്കിലും സംഘവുമായി

അതിനെ സംയോജിപ്പിക്കണമെന്നോ ബോദ്ധ്യപ്പെടുന്നപക്ഷം, അങ്ങനെയുള്ള ഭരണസമിതിക്ക് പ്രസ്തുത നിർദ്ദേശം എഴുതിയതോ അച്ചടിച്ചതോ ആയ ഒരു റിപ്പോർട്ട് വഴി അതിന്റെ അംഗങ്ങൾക്ക് നൽകാവുന്നതും അതിന്റെ പരിഗണനയ്ക്കായി സംഘത്തിന്റെ ചട്ടങ്ങളും റഗുലേഷനുകളും അനുസരിച്ച് ഒരു പ്രത്യേക പൊതുയോഗം വിളിച്ചുചേർക്കാവുന്നതുമാണ്.

(2) (1)-ാം ഉപവകുപ്പിൻകീഴിൽ വ്യക്തമാക്കിയ പ്രകാരമുള്ള ഏതൊരു നിർദ്ദേശവും അത് പരിഗണിക്കുന്നതിലേക്കായി ഭരണസമിതി വിളിച്ചുചേർക്കുന്ന പ്രത്യേക പൊതുയോഗത്തിന് ഇരുപത്തിയൊന്ന് ദിവസങ്ങൾക്ക് മുമ്പായി സംഘത്തിന്റെ ഓരോ അംഗത്തിനും, നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം, നോട്ടീസായി നൽകുകയോ തപാൽ മുഖേന അയയ്ക്കുകയോ ചെയ്യാത്തപക്ഷവും, വോട്ട് ചെയ്യുന്നതിന് യോഗ്യതയുള്ള ആകെ അംഗങ്ങളുടെ നാലിൽ മൂന്ന് ഹാജരും, നേരിട്ട് ഹാജരായിട്ടുള്ളവരുടെയും പകരം ആളിനെ ചുമതലപ്പെടുത്തിയിട്ടുള്ളപക്ഷം അവരുൾപ്പെടെയുള്ള അംഗങ്ങളുടെയും വോട്ടിന്റെ കേവല ഭൂരിപക്ഷത്തിന്റെ അടിസ്ഥാനത്തിൽ പാസ്സാക്കുകയും ചെയ്യാത്തപക്ഷവും അംഗീകരിക്കപ്പെടുന്നതല്ല.

27. <u>കണക്കുകൾ ആവശ്യപ്പെടുകയും പുസ്തകങ്ങളും മറ്റും പരിശോധിക്കുകയും ചെയ്യുന്നതിനുള്ള അധികാരം</u>.—(1) സർക്കാരിനോ, രജിസ്ട്രാർക്കോ രജിസ്റ്റർ ചെയ്യപ്പെട്ട ഏതൊരു സംഘത്തിനോടും അതിന്റെ വരവ് ചെലവ് കണക്കുകളും ആസ്തി ബാദ്ധ്യതകളും സംബന്ധിച്ച്, ഏതൊരു കാലയളവിലേയ്ക്കും ഉള്ള കണക്കുകൾ സമർപ്പിക്കുന്നതിന് ആവശ്യപ്പെടാവുന്നതാണ്. സർക്കാർ നിർദ്ദേശിക്കുന്ന സംഗതിയിൽ രജിസ്ട്രാറോ, അല്ലാത്തപക്ഷം രജിസ്ട്രാറുടെ നിർദ്ദേശപ്രകാരം സംഘം ഇൻസ്പെക്ടറോ സംഘത്തിന്റെ കണക്കുകളും മറ്റ് പുസ്തകങ്ങളും പരിശോധിക്കേണ്ടതും അങ്ങനെയുള്ള പരിശോധനയുടെ ഫലം, നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം, റിപ്പോർട്ടായി സർക്കാരിനോ രജിസ്ട്രാർക്കോ സമർപ്പിക്കേണ്ടതുമാണ്. പരിശോധന നടത്തുന്ന ഉദ്യോഗസ്ഥന് സംഘത്തിന്റെ ഏതൊരു കെട്ടിടത്തിലും പ്രവേശിക്കാവുന്നതും സംഘത്തിന്റെ ഭരണസമിതിയും ജീവനക്കാരും, അങ്ങനെയുള്ള ഉദ്യോഗസ്ഥൻ ആവശ്യപ്പെടുന്ന എല്ലാ വിവരങ്ങളും നൽക്കേണ്ടതും, പരിശോധന നടത്തുന്നതിനും റിപ്പോർട്ട് തയ്യാറാക്കുന്നതിനും ആവശ്യമായ എല്ലാ സഹായങ്ങളും ചെയ്യേണ്ടതും അവരുടെ സൂക്ഷിപ്പിലുള്ള എല്ലാ പുസ്തകങ്ങളും സംഘത്തിന്റെ അധികാരം സംബന്ധിച്ച എല്ലാ രേഖകളും അങ്ങനെ ചുമതലപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥൻ മുമ്പാകെ ഹാജരാക്കേണ്ടതും സംഘത്തിന്റെ കാര്യങ്ങളുമായി ബന്ധപ്പെട്ട ഏത് ചോദ്യത്തിനും മറുപടി നൽകേണ്ടതും സംഘത്തിന്റെ ഭരണസമിതിയുടെയും ജീവനക്കാരുടെയും ചുമതലയായിരിക്കുന്നതുമാണ്.

(2) കണക്കുകളും മറ്റ് പുസ്തകങ്ങളും മതിയായ കാരണം കൂടാതെയാണ് നൽകാതിരിക്കുന്നത് എന്ന് പരിശോധന നടത്തുന്ന ഉദ്യോഗസ്ഥന് വിശ്വസിക്കുവാൻ മതിയായ കാരണമുള്ളപക്ഷം, കാരണങ്ങളും അതിനടിസ്ഥാനമായ കാര്യങ്ങളും രേഖപ്പെടുത്തിയശേഷം ഏതൊരു സ്ഥലവും പരിശോധിക്കുകയോ അങ്ങനെയുള്ള കണക്ക് പുസ്തകങ്ങളോ രേഖകളോ പിടിച്ചെടുക്കുകയോ ചെയ്യാവുന്നതാണ്.

(3) സർക്കാരിന്, സംഘത്തിന്റെ മെച്ചപ്പെട്ടതും കാര്യക്ഷമവുമായ നടത്തിപ്പിന്, (1)-ാം ഉപവകുപ്പ് പ്രകാരം സമർപ്പിക്കപ്പെടുന്ന റിപ്പോർട്ട് അവലോകനം നടത്താവുന്നതും 32-ാം വകുപ്പിന്റെ (1)-ാം ഉപവകുപ്പിലെ (എ) മുതൽ (സി) വരെയുള്ള ഖണ്ഡങ്ങളിൽ പരാമർശിക്കപ്പെടാത്തതുമായ യുക്തമെന്ന് കരുതുന്ന ഉത്തരവുകൾ പുറപ്പെടുവിക്കാവുന്നതുമാണ്.

28. <u>സംഘത്തിന്റെ ഭരണസമിതിയിലെ ഏതെങ്കിലും അംഗത്തെയോ ജീവനക്കാരനെയോ പിഴ ഈടാക്കുന്നതിനും അനുസരണക്കേടിന് പിരിച്ചുവിടുന്നതിനും ഉള്ള അധികാരം</u>.—(1) സർക്കാരിന്, 27-ാം വകുപ്പിൻകീഴിൽ പുറപ്പെടുവിക്കുന്ന അതിന്റെ ഉത്തരവ് മനഃപൂർവ്വമായോ ബോധപൂർവ്വമായോ പാലിക്കുന്നതിൽ വീഴ്ച വരുത്തുന്ന സംഘത്തിന്റെ ഭരണസമിതിയിലെ ഒരു അംഗത്തിനോ ജീവനക്കാരനോ അപ്രകാരമുള്ള വീഴ്ചയ്ക്ക്, നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം, ആയിരം രൂപയിൽ അധികരിക്കാത്ത തുക പിഴ ചുമത്താവുന്നതും, അപ്രകാരം പിഴ നൽകുന്നതിനുള്ള ഉത്തരവ് ലഭിച്ച് രണ്ടാഴ്ച കഴിഞ്ഞതിനുശേഷവും പിഴ നൽകാതിരിക്കുന്ന അംഗത്തേയോ ജീവനക്കാരനേയോ സർക്കാരിന് പിരിച്ചുവിടാവുന്നതാണ്. ഈ വകുപ്പിൻ കീഴിൽ സർക്കാർ പുറപ്പെടുവിക്കുന്ന ഉത്തരവ് പ്രാബല്യത്തിൽ വരുത്തുന്നതിന് സംഘത്തിന്റെ ഭരണസമിതി ബാദ്ധ്യസ്ഥരായിരിക്കുന്നതും അങ്ങനെയുള്ള ഉത്തരവിന് പ്രാബല്യം നൽകുന്നതിൽ അങ്ങനെയുള്ള ഭരണസമിതിയുടെ ഭാഗത്തുനിന്ന് വീഴ്ച ഉണ്ടാകുന്നപക്ഷം അങ്ങനെയുള്ള ഭരണസമിതി ഈ വകുപ്പ് പ്രകാരം പിഴ ഒടുക്കുന്നതിന് ബാധ്യസ്ഥമായിരിക്കുന്നതാണ്.

(2) (1)-ാം ഉപവകുപ്പ് പ്രകാരം പിരിച്ചുവിടപ്പെട്ടയാൾ അങ്ങനെ പിരിച്ചുവിടപ്പെട്ട തീയതി മുതൽ അഞ്ച് വർഷക്കാലത്തേക്ക് ഭരണസമിതിയംഗമായി തെരഞ്ഞെടുക്കപ്പെടുന്നതിനോ നാമനിർദ്ദേശം ചെയ്യപ്പെടുന്നതിനോ, അങ്ങനെയുള്ള അയോഗ്യത സർക്കാർ നീക്കാത്തപക്ഷം, അയോഗ്യനായിരിക്കുന്നതാണ്.

29. <u>ഒഴിവുകൾ സംഘത്തിന്റെ ചട്ടങ്ങളും റഗുലേഷനുകളും അനുസരിച്ച് നികത്തണമെന്ന്</u>.— 28-ാം വകുപ്പ് പ്രകാരം ഭരണസമിതിയിൽ നിന്നും ഒരംഗത്തെ നീക്കം ചെയ്യപ്പെടുന്നതു മൂലം ഉണ്ടാകുന്ന ഒഴിവുകൾ സംഘത്തിന്റെ ചട്ടങ്ങളും റഗുലേഷനുകളും പ്രകാരം നികത്തേണ്ടതാണ്.

30. <u>സംഘങ്ങളെ പിരിച്ചുവിടുന്നതിനും അവയുടെ കാര്യങ്ങൾ ക്രമീകരിക്കുന്നതിനുമുള്ള വ്യവസ്ഥ</u>.—ഏതൊരു സംഘത്തിന്റെയും ആകെ അംഗങ്ങളുടെ നാലിൽ മൂന്നിൽ

കുറയാത്ത ഭൂരിപക്ഷ തീരുമാനത്തിന്മേൽ അംഗങ്ങൾക്ക് ആ സംഘം പിരിച്ചുവിടണമെന്ന് തീരുമാനിക്കാവുന്നതും അതിനുശേഷം ഉടൻതന്നെയോ നിശ്ചയിക്കുന്ന സമയത്തോ അത് പിരിച്ചുവിടേണ്ടതും എന്നാൽ സംഘത്തിന്റെ ബാദ്ധ്യതകൾ കഴിച്ചുള്ള വസ്തുവകകൾ നിയമാനുസൃതം കൈമാറ്റം ചെയ്യുകയോ തീർപ്പാക്കുകയോ ചെയ്യുന്നതിനുള്ള നടപടികൾ അതിന് ബാധകമായ ചട്ടങ്ങൾ, എന്തെങ്കിലും ഉണ്ടെങ്കിൽ, പ്രസ്തുത ചട്ടങ്ങൾ പ്രകാരമോ അല്ലെങ്കിൽ ഭരണസമിതിയ്ക്ക് യുക്തമെന്ന് തോന്നുന്ന പ്രകാരമോ സ്വീകരിക്കേണ്ടതും, ആയത് സംബന്ധിച്ച വിവരം അനുബന്ധരേഖകൾ സഹിതം മുപ്പതു ദിവസങ്ങൾക്കകം രജിസ്ട്രാർ മുമ്പാകെ ഫയൽ ചെയ്യേണ്ടതുമാണ്:

എന്നാൽ, പ്രസ്തുത ഭരണസമിതിയിലോ അംഗങ്ങൾക്കിടയിലോ അതിന്റെ കാര്യങ്ങൾ ക്രമീകരിക്കുന്ന കാര്യത്തിൽ എന്തെങ്കിലും തർക്കം ഉണ്ടാകുന്നപക്ഷം സംഘത്തിന്റെ രജിസ്റ്റർ ചെയ്യപ്പെട്ട ഓഫീസ് സ്ഥിതി ചെയ്യുന്ന സ്ഥലം ഉൾപ്പെട്ട ജില്ലയിലെ ആദ്യ വ്യവഹാരം വിചാരണ ചെയ്യുന്നതിന് അധികാരമുള്ള സിവിൽ കോടതിയിലേക്ക് റഫർ ചെയ്യേണ്ടതും, കോടതി ഉത്തരവ് പ്രകാരം ആയത് തീർപ്പാക്കേണ്ടതുമാണ്:

എന്നുമാത്രമല്ല, സംഘം പിരിച്ചുവിടുന്നതിലേക്കായി ഉള്ള ഒരു പ്രത്യേക പൊതുയോഗത്തിൽ നേരിട്ട് വോട്ട് ചെയ്യുന്ന അംഗങ്ങളുടെയോ പകരക്കാരെ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ അങ്ങനെയുള്ള അംഗങ്ങളുടെയോ നാലിൽ മൂന്നിൽ കുറയാത്ത ഭൂരിപക്ഷം ഇല്ലാത്തപക്ഷം യാതൊരു സംഘവും പിരിച്ചുവിടാൻ പാടുള്ളതല്ല:

എന്നിരുന്നാലും, ഈ ആക്റ്റ് പ്രകാരം രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള ഏതെങ്കിലും സംഘത്തിൽ സർക്കാർ അംഗമായിരിക്കുകയോ വരിക്കാരനായിരിക്കുകയോ അല്ലെങ്കിൽ മറ്റുപ്രകാരം അവകാശമുണ്ടായിരിക്കുകയോ ചെയ്യുന്നിടത്ത് അങ്ങനെയുള്ള സംഘം സർക്കാരിന്റെ അനുമതി കൂടാതെ പിരിച്ചുവിടാൻ പാടുള്ളതല്ല.

31. <u>പിരിച്ചുവിട്ടതിനുശേഷം യാതൊരംഗവും ആദായം വാങ്ങരുതെന്ന്</u>.—(1) പിരിച്ചുവിടപ്പെട്ട സംഘത്തിന്റെ അംഗങ്ങൾക്ക് സംഘം പിരിച്ചുവിടുമ്പോൾ ഉള്ള കടങ്ങളും ബാദ്ധ്യതകളും തീർത്തശേഷം എന്തെങ്കിലും ആസ്തി അവശേഷിക്കുന്നെങ്കിൽ അത് ഉഭയസമ്മതപ്രകാരം ഏർപ്പെടുന്ന കരാറുകളുടേയോ വ്യവസ്ഥകളുടേയോ അടിസ്ഥാനത്തിലോ, അല്ലെങ്കിൽ 3-ാം വകുപ്പിൽ പരാമർശിക്കപ്പെടുന്ന ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നതിനോ, സർക്കാരിലേക്ക് നൽകുന്നതിന് പിരിച്ചുവിടുന്ന സമയം ഹാജരായ അംഗങ്ങളുടെയും അല്ലെങ്കിൽ പകരം ആളെ നിയോഗിച്ചിട്ടുള്ളപക്ഷം അങ്ങനെയുള്ള അംഗങ്ങളുടെയും വോട്ടിന്റെ ഭൂരിപക്ഷം അനുസരിച്ച് തീരുമാനിക്കാവുന്നതാണ്.

(2) ഈ ആക്റ്റിൻ കീഴിൽ രജിസ്റ്റർ ചെയ്ത ഏതെങ്കിലും സംഘം അതിന്റെ കടങ്ങളും ബാദ്ധ്യതകളും തീർത്തതിനുശേഷം ശേഷിക്കുന്ന സ്വത്ത് അതിന്റെ അംഗങ്ങൾക്ക് നൽകുകയോ അവർക്കിടയിലോ അവരിലാർക്കെങ്കിലുമായോ വീതിക്കുകയോ ചെയ്യാൻ

പാടില്ലാത്തതും, അത് സംഘം പിരിച്ചുവിടുന്ന സമയം നേരിട്ട് ഹാജരായതോ പകരം ആളെ നിശ്ചയിക്കുന്നതിന് അനുവദിച്ചിട്ടുണ്ടെങ്കിൽ അങ്ങനെ പകരം ഹാജരായ ആളുകളും ചേർന്നതിൽ നാലിൽമൂന്ന് ഭൂരിപക്ഷത്തിന്റെ അടിസ്ഥാനത്തിലോ, അതിന് സാധിക്കാതെ വന്നാൽ ആദ്യാധികാരിതയുള്ള സിവിൽ കോടതിയുടെ തീർപ്പിനാലോ സംഘത്തിന്റെ ഉദ്ദേശ്യങ്ങളോട് ഏറ്റവും സാദൃശ്യം ഉള്ള ഈ ആക്റ്റ് പ്രകാരം രജിസ്റ്റർ ചെയ്ത മറ്റൊരു സംഘത്തിന് നൽകേണ്ടതുമാണ്.

32. പുതിയ ഭരണസമിതിയെ നിയമിക്കുന്നതിനോ കാര്യക്ഷമമായ നടത്തിപ്പിന് പദ്ധതി തയ്യാറാക്കുന്നതിനോ സംഘത്തെ പിരിച്ചുവിടുന്നതിനോ കോടതി മുമ്പാകെ നൽകുന്ന അപേക്ഷ.—(1) സർക്കാരോ, സംഘത്തിന്റെ അംഗങ്ങളിൽ പത്ത് ശതമാനമോ അത് രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള സ്ഥലത്തിന്റെ അധികാരിതയുള്ള ജില്ലാ കോടതി മുമ്പാകെ സംഘത്തിൽ പുതിയ ഭരണസമിതിയെ നിയമിക്കുന്നതിനോ സംഘത്തിന്റെ കാര്യക്ഷമമായ നടത്തിപ്പിന് പദ്ധതി തയ്യാറാക്കുന്നതിനോ സംഘത്തെ പിരിച്ചുവിടുന്നതിനോ അപേക്ഷ സമർപ്പിക്കുകയാണെങ്കിൽ, കോടതിക്ക്, അത് ന്യായവും നീതിപൂർവ്വവുമാണെന്ന് ബോദ്ധ്യപ്പെടുന്നപക്ഷം,—

(എ) നിലവിലുള്ള ഭരണസമിതിയെ നീക്കം ചെയ്യുന്നതിനും പുതിയ ഭരണസമിതിയെ നിയമിക്കുന്നതിനും; അല്ലെങ്കിൽ

(ബി) സംഘത്തിന്റെ മെച്ചപ്പെട്ടതും കാര്യക്ഷമവുമായ നടത്തിപ്പിന് ഒരു പദ്ധതി തയ്യാറാക്കുന്നതിനും; അല്ലെങ്കിൽ

(സി) സംഘത്തെ പിരിച്ചുവിടുന്നതിനും

ഉത്തരവുകൾ പുറപ്പെടുവിക്കാവുന്നതാണ്.

(2) (1)-ാം ഉപവകുപ്പിൻകീഴിൽ ഉള്ള അപേക്ഷ അംഗങ്ങളാണ് സമർപ്പിക്കുന്നതെങ്കിൽ, അപേക്ഷകൻ, അപേക്ഷയോടൊപ്പം നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള തുക കോടതി മുമ്പാകെ സെക്യൂരിറ്റിയായും ചെലവായും കെട്ടിവയ്ക്കേണ്ടതാണ്.

33. പ്രമാണങ്ങളുടെ പരിശോധന.—ഈ ആക്റ്റിൻ കീഴിൽ രജിസ്ട്രാറുടെ പക്കൽ ഫയൽ ചെയ്തിട്ടുള്ള എല്ലാ പ്രമാണങ്ങളും നിർണ്ണയിക്കപ്പെട്ട ഫീസ് ഒടുക്കുന്നതിന് വിധേയമായി ഏതൊരാൾക്കും പരിശോധിക്കാവുന്നതും നിർണ്ണയിക്കപ്പെട്ട ഫീസ് ഒടുക്കി പകർപ്പ് എടുക്കാവുന്നതും അപ്രകാരം എടുക്കുന്ന രജിസ്ട്രാർ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ ഏത് നിയമനടപടികളുടെ ആവശ്യത്തിലേക്കും പ്രഥമദൃഷ്ട്യാ തെളിവ് ആയിരിക്കുന്നതുമാണ്.

## അദ്ധ്യായം - 6

## രജിസ്ട്രാറുടെ അന്വേഷണവും നടപടിക്രമങ്ങളും

34. രജിസ്ട്രാർ സംഘങ്ങളുടെ ഒരു രജിസ്റ്റർ സൂക്ഷിക്കണമെന്ന്.—(1) രജിസ്ട്രാർ, സംഘങ്ങളുടെ ഒരു രജിസ്റ്റർ സൂക്ഷിക്കേണ്ടതും, അങ്ങനെയുള്ള രജിസ്റ്ററിൽ ഓരോ സംഘത്തിന്റെയും പേര്, രജിസ്റ്റർ ചെയ്തിട്ടുള്ള പൂർണ്ണമായ ഓഫീസ് മേൽവിലാസം, രജിസ്റ്റർ ചെയ്ത തീയതി, ഈ ആക്റ്റിലെ വ്യവസ്ഥകൾ പ്രകാരം ഫയൽ ചെയ്തിട്ടുള്ള രേഖകളുടെ വിവരം എന്നിവ ചേർക്കേണ്ടതുമാണ്.

(2) ഓരോ സംഘത്തിനെയും സംബന്ധിച്ച മെമ്മോറാണ്ടവും മറ്റെല്ലാ പ്രമാണങ്ങളും, നിർണ്ണയിക്കപ്പെട്ട രീതിയിൽ, പ്രത്യേകം സൂക്ഷിക്കേണ്ടതാണ്.

(3) ഒരു സംഘം പ്രവർത്തിക്കുന്നില്ലെന്ന് രജിസ്ട്രാർ വിശ്വസിക്കുവാൻ ന്യായമായ കാരണങ്ങളുള്ള പക്ഷം രജിസ്ട്രാർ സംഘം പ്രവർത്തിക്കുന്നുണ്ടോ എന്നാരാഞ്ഞുകൊണ്ട് സംഘത്തിന്റെ രജിസ്റ്റർ ചെയ്തിട്ടുള്ള മേൽവിലാസത്തിലും രണ്ടിൽ കുറയാത്ത, സംഘത്തിന്റെ ഭാരവാഹികൾക്കും രജിസ്റ്റേർഡ് തപാൽ മുഖേന കത്ത് അയക്കേണ്ടതാണ്.

(4) (3)-ാം ഉപവകുപ്പ് പ്രകാരമുള്ള കത്ത് നൽകിയശേഷം ഒരു മാസത്തിനകം സംഘം പ്രവർത്തനരഹിതമാണെന്ന മറുപടിയോ അല്ലെങ്കിൽ മറുപടി ലഭിക്കാതിരിക്കുകയോ ചെയ്യുകയാണെങ്കിൽ അത് ഗസറ്റിൽ പ്രസിദ്ധപ്പെടുത്തേണ്ടതും പ്രസ്തുത ഗസറ്റ് തീയതി മുതൽ മൂന്ന് മാസം പൂർത്തിയാകുന്ന മുറയ്ക്ക് സംഘത്തിന്റെ പേര് രജിസ്റ്ററിൽ നിന്നും നീക്കം ചെയ്യുന്നതാണെന്നുമുള്ള ഒരു നോട്ടീസ് രജിസ്റ്റേർഡ് തപാൽ മുഖേന അയക്കേണ്ടതും മറിച്ച് കാരണങ്ങളൊന്നും കാണിച്ച് ബോദ്ധ്യപ്പെടുത്താത്തപക്ഷം രജിസ്റ്ററിൽ സംഘം പ്രവർത്തനരഹിതം എന്ന് ചേർത്ത് പേര് നീക്കം ചെയ്യേണ്ടതുമാണ്.

35. രജിസ്ട്രാർ നടത്തുന്ന അന്വേഷണം.—(1) രജിസ്ട്രാറിന്, സ്വമേധയായോ, സംഘത്തിന്റെ ഭരണസമിതിയിലെ അംഗങ്ങളുടെ ഭൂരിപക്ഷത്തിന്റെയോ ആകെ അംഗങ്ങളുടെ മൂന്നിൽ ഒന്ന് അംഗങ്ങളുടെ അപേക്ഷയാലോ, നേരിട്ടോ അല്ലെങ്കിൽ സബ് രജിസ്ട്രാറുടെ പദവിയിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തിക്കൊണ്ട് രേഖാമൂലം ഉത്തരവ് നൽകിയോ സംഘത്തിന്റെ പ്രവർത്തനത്തെ സംബന്ധിച്ച് അന്വേഷണം നടത്താവുന്നതാണ്.

(2) (1)-ാം ഉപവകുപ്പ് പ്രകാരം അന്വേഷണം നടത്തുന്ന രജിസ്ട്രാറിന് അല്ലെങ്കിൽ ചുമതലപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥന്,—

(i) ന്യായമായ ഏതു സമയത്തും സംഘത്തിന്റെ കൈവശമുള്ളതോ ഉണ്ടായിരിക്കേണ്ടതോ ആയ പുസ്തകങ്ങൾ, കണക്കുകൾ, പ്രമാണങ്ങൾ, നിക്ഷേപങ്ങൾ, പണം, മറ്റ് വസ്തുവകകൾ

എന്നിവ പരിശോധിക്കുന്നതിനും അങ്ങനെയുള്ള പുസ്തകങ്ങൾ, കണക്കുകൾ, പ്രമാണങ്ങൾ, നിക്ഷേപങ്ങൾ, പണം, മറ്റ് വസ്തുവകകൾ എന്നിവയുടെ കൈവശമോ സൂക്ഷിപ്പോ ഉള്ള ഏതൊരാളെയും വിളിച്ചുവരുത്തുന്നതിനോ അവ സംഘത്തിന്റെ കേന്ദ്ര ഓഫീസിലോ മറ്റ് ശാഖയിലോ ഹാജരാക്കുന്നതിന് ആവശ്യപ്പെടുന്നതിനും;

(ii) സംഘത്തിന്റെ ഏതെങ്കിലും കാര്യങ്ങളെപ്പറ്റി അറിവുണ്ട് എന്ന് ന്യായമായി വിശ്വസിക്കാൻ കഴിയുന്ന ഏതൊരംഗത്തെയും തന്റെ ഓഫീസിലോ സംഘത്തിന്റെ കേന്ദ്ര ഓഫീസിലോ അതിന്റെ ഏതെങ്കിലും ശാഖയിലോ വച്ച് തന്റെ മുൻപാകെ ഹാജരാകാനും അങ്ങനെയുള്ള ആളെ പ്രതിജ്ഞ ചെയ്യിച്ച് അന്വേഷണം നടത്തുന്നതിനും;

(iii) സംഘത്തിന്റെ പൊതുയോഗത്തിന് മുൻപുള്ള നോട്ടീസ് നൽകേണ്ട കാലാവധിയെ കുറിച്ച് ഈ ആക്റ്റിലോ സംഘത്തിന്റെ ചട്ടത്തിലോ റെഗുലേഷനിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, ഒരു സംഘത്തിന്റെ ഭരണസമിതിയോട് സംഘത്തിന്റെ കേന്ദ്ര ഓഫീസിൽ വച്ചോ അതിന്റെ ഏതെങ്കിലും ശാഖയിൽ വച്ചോ ഒരു പൊതുയോഗം വിളിക്കുന്നതിന് ആവശ്യപ്പെടുന്നതിനും

അധികാരം ഉണ്ടായിരിക്കുന്നതാണ്.

(3) സംഘത്തിന്റെ ഭരണസമിതി ഒരു പൊതുയോഗം വിളിക്കുന്നതിനുള്ള നിർദ്ദേശം നിരസിക്കുകയോ അങ്ങനെ ചെയ്യുന്നതിൽ പരാജയപ്പെടുകയോ ചെയ്യുന്നപക്ഷം, രജിസ്ട്രാറിനോ, (2)-ാം ഉപവകുപ്പിൽ പരാമർശിക്കപ്പെടുന്നയാൾക്കോ യോഗം സ്വയം വിളിച്ചുചേർക്കുന്നതിന് അധികാരം ഉണ്ടായിരിക്കുന്നതും അങ്ങനെ വിളിച്ചുചേർക്കപ്പെടുന്ന യോഗത്തിന് ചട്ടങ്ങളും റഗുലേഷനുകളും പ്രകാരമുള്ള ഒരു പൊതുയോഗത്തിന്റെ എല്ലാ അധികാരങ്ങളും ഉണ്ടായിരിക്കുന്നതും അതിന്റെ നടപടിക്രമങ്ങൾ അങ്ങനെയുള്ള ചട്ടങ്ങളും റഗുലേഷനുകളും അനുസരിച്ച് നിയന്ത്രിക്കപ്പെടേണ്ടതുമാണ്.

(4) രജിസ്ട്രാർ ഈ വകുപ്പിൻകീഴിൽ ഒരു അന്വേഷണം നടത്തിയശേഷം അതിന്റെ റിപ്പോർട്ട് ബന്ധപ്പെട്ട സംഘത്തിന് നൽകേണ്ടതും അങ്ങനെയുള്ള റിപ്പോർട്ടിൽ രജിസ്ട്രാർ നടപടികൾ എന്തെങ്കിലും നിർദ്ദേശിച്ചിട്ടുള്ളപക്ഷം അത് പ്രകാരമുള്ള തുടർനടപടികൾ സംഘം സ്വീകരിക്കേണ്ടതുമാണ്.

36. സംഘത്തിന്റെ ഇൻസ്പെക്ടറുടെ അധികാരങ്ങൾ.—സംഘത്തിന്റെ ഇൻസ്പെക്ടർക്ക്,—

(i) സംഘത്തിന്റെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിനും;

(ii) അന്വേഷണം നടത്തുന്നതിനും;

(iii) സംഘത്തിന്റെ കാര്യങ്ങൾ സംബന്ധിച്ച് അറിവുണ്ട് എന്ന് ന്യായമായും വിശ്വസിക്കുന്ന ഏതൊരാളെയും സംഘത്തിന്റെ രജിസ്റ്റർ ചെയ്യപ്പെട്ട ഓഫീസിലോ

അതിന്റെ ഏതെങ്കിലും ശാഖയിലോ സംഘം രജിസ്ട്രാറുടെ ഓഫീസിലോ വച്ച് തന്റെ മുൻപാകെ ഹാജരാകുന്നതിനും അയാളെ പ്രതിജ്ഞ ചെയ്യിച്ച് അന്വേഷണം നടത്തുന്നതിനും വേണ്ടി വിളിച്ചുവരുത്തുന്നതിനും;

(iv) സംഘത്തിന്റെ കണക്കുകളും ബാലൻസ്ഷീറ്റും പരിശോധിക്കുന്നതിനും, ആയത് സംബന്ധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനും

അധികാരം ഉണ്ടായിരിക്കുന്നതാണ്.

37. സംഘത്തിനുണ്ടായ നഷ്ടം ഈടാക്കുന്നത്.—(1) 35-ാം വകുപ്പിൻകീഴിലുള്ള ഒരു അന്വേഷണത്തിൽ സംഘത്തിന്റെ പ്രവർത്തനത്തിലോ അതിന്റെ കാര്യനിർവ്വഹണത്തിലോ പങ്കാളിയായിട്ടുള്ള ആളോ അല്ലെങ്കിൽ, സംഘത്തിന്റെ നിലവിലുള്ളതോ മുൻപുണ്ടായിരുന്നതോ ആയ ഏതെങ്കിലും പ്രസിഡന്റ്, ചെയർപേഴ്സൺ, സെക്രട്ടറി, മറ്റ് ഭാരവാഹികൾ, ഭരണസമിതിയംഗം, ഉദ്യോഗസ്ഥൻ അല്ലെങ്കിൽ ജീവനക്കാരൻ സംഘത്തിന്റെ സ്വത്തോ പണമോ തെറ്റായി വിനിയോഗിക്കുകയോ കൈവശം വയ്ക്കുകയോ ബാധ്യതപ്പെടുത്തുകയോ അല്ലെങ്കിൽ, സംഘവുമായി ബന്ധപ്പെട്ട് നിയമവിരുദ്ധപ്രവർത്തനത്തിന് കുറ്റവാളിയാകുകയോ, വിശ്വാസവഞ്ചന കാണിക്കുകയോ ചെയ്യുകയാണെങ്കിൽ, രജിസ്ട്രാറിന്, സംഘത്തിൽ നിന്നും ലഭിക്കുന്ന റിപ്പോർട്ടിൻമേലോ ഭരണസമിതിയിൽ നിന്നും ലഭിക്കുന്ന അപേക്ഷയിൻ മേലോ അല്ലെങ്കിൽ സ്വമേധയായോ, അങ്ങനെയുള്ള ആളെ അയാളുടെ വിശദീകരണം സമർപ്പിക്കുന്നതിന് ന്യായമായ ഒരു അവസരം നൽകിയതിനും അയാളുടെ പ്രവൃത്തി സംബന്ധിച്ച് അന്വേഷണം നടത്തിയതിനും ശേഷം, അയാളോട് പണമോ സ്വത്തോ, അതതു സംഗതിപോലെ, തിരികെ നൽകുന്നതിനും പുനഃസ്ഥാപിക്കുന്നതിനും തെറ്റായി വിനിയോഗിച്ചതോ, കൈവശം വച്ചതോ, നിയമവിരുദ്ധ പ്രവൃത്തി നടത്തിയതോ, വിശ്വാസവഞ്ചന നടത്തിയതോ ആയ ഇനത്തിൽ നഷ്ടപരിഹാരമെന്ന നിലയിൽ രജിസ്ട്രാറിന് ന്യായമെന്ന് തോന്നുന്ന നഷ്ടപരിഹാരം ഈടാക്കുന്നതിനുള്ള ഉത്തരവ് പാസാക്കാവുന്നതുമാണ്.

(2) (1)-ാം ഉപവകുപ്പിൻകീഴിൽ ഉള്ള രജിസ്ട്രാറുടെ ഉത്തരവ്, അത് ലഭിച്ച് അറുപത് ദിവസത്തിനകം രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ മുമ്പാകെ അപ്പീൽ ഫയൽ ചെയ്ത് അസ്ഥിരപ്പെടുത്താത്തപക്ഷം അന്തിമമായിത്തീരുന്നതാണ്.

(3) (2)-ാം ഉപവകുപ്പ് പ്രകാരം രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ അപ്പീൽ നിരസിക്കുന്നപക്ഷം അപ്രകാരം നിരസിച്ചുകൊണ്ടുള്ള അറിയിപ്പ് ലഭിച്ച തീയതി മുതൽ മുപ്പത് ദിവസത്തിനകം സങ്കടമനുഭവിക്കുന്ന യാതൊരാൾക്കും സർക്കാർ മുമ്പാകെ ഒരു റിവിഷൻ ഫയൽ ചെയ്യാവുന്നതാണ് :

എന്നാൽ, അപ്രകാരം അപ്പീൽ സമർപ്പിക്കാത്ത സംഗതിയിൽ, മതിയായ കാരണം ബോധ്യമാകുന്നപക്ഷം, കാലതാമസം മാപ്പാക്കി നൽകുന്നതിന് അപ്പീൽ കാലാവധി മുപ്പത്

ദിവസത്തിൽ അധികരിക്കാത്തവിധം ദീർഘിപ്പിച്ച് നൽകുന്നതിന് അപ്പീൽ അധികാരിക്ക് അധികാരം ഉണ്ടായിരിക്കുന്നതുമാണ്.

(4) സർക്കാരിന് സ്വമേധയാ (2)-ാം ഉപവകുപ്പ് പ്രകാരം അപ്പീൽ സമർപ്പിക്കാത്ത സംഗതിയിലോ (3)-ാം ഉപവകുപ്പ് പ്രകാരമുള്ള റിവിഷനിലോ ഉചിതമായ ഉത്തരവ് പുറപ്പെടുവിക്കാവുന്നതാണ്.

(5) ഈ വകുപ്പിൻകീഴിൽ ഒരു സംഘത്തിന് ഒടുക്കപ്പെടേണ്ടതായോ വീണ്ടെടുക്കപ്പെടേണ്ടതായോ ഉത്തരവാക്കപ്പെടുന്ന തുക, രജിസ്ട്രാർ ഇക്കാര്യത്തിലേക്കായി ഒരു അർത്ഥനാപത്രം പുറപ്പെടുവിക്കുന്ന പക്ഷം 1968-ലെ കേരള നികുതി വസൂലാക്കൽ ആക്റ്റിൻ (1968-ലെ 15) കീഴിൽ ഭൂനികുതിയിൻമേലുള്ള കുടിശ്ശികയെന്നപോലെ ഈടാക്കപ്പെടേണ്ടതാണ്.

38. <u>ചില സംഘങ്ങളുടെ രജിസ്ട്രേഷൻ റദ്ദാക്കലും പിരിച്ചുവിടലും</u>.—(1) ഈ ആക്റ്റിൻ കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ളതോ രജിസ്റ്റർ ചെയ്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും സംഘം, അതിന്റെ നിയന്ത്രണത്തിലുള്ള പ്രദേശത്ത് ഏതെങ്കിലും നിയമവിരുദ്ധ പ്രവൃത്തി നടത്തുന്നതായോ, അല്ലെങ്കിൽ നിയമ വിരുദ്ധ പ്രവർത്തനങ്ങൾ അനുവദിക്കുന്നതായോ രജിസ്ട്രാറിന് ബോദ്ധ്യപ്പെടുന്നപക്ഷം, രജിസ്ട്രാർ, അങ്ങനെയുള്ള സംഘത്തിന്റെ പ്രവർത്തനങ്ങൾ സംബന്ധിച്ച് ഒരു അന്വേഷണം നടത്തുകയോ, അതിന് മറ്റൊരു ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തിക്കൊണ്ട് റിപ്പോർട്ട് വാങ്ങുകയോ ചെയ്യാവുന്നതും അങ്ങനെയുള്ള അന്വേഷണം നടത്തുന്ന സമയത്ത് രജിസ്ട്രാറിന്, അല്ലെങ്കിൽ അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥന് 36-ാം വകുപ്പിന്റെ (ii)-ാം ഇനത്തിൽ വ്യവസ്ഥ ചെയ്യുന്ന അതേ അധികാരം ഉണ്ടായിരിക്കുന്നതാണ്.

(2) (1)-ാം ഉപവകുപ്പിൻ കീഴിലുള്ള അന്വേഷണത്തിൽ, അങ്ങനെയുള്ള ഏതെങ്കിലും സംഘം അതിന്റെ നിയന്ത്രണത്തിലുള്ള പ്രദേശത്ത് ഏതെങ്കിലും നിയമവിരുദ്ധ പ്രവർത്തനം നടത്തുന്നതായോ അല്ലെങ്കിൽ നിയമവിരുദ്ധ പ്രവർത്തനങ്ങൾ അനുവദിച്ചിട്ടുള്ളതായോ രജിസ്ട്രാറിന് ബോദ്ധ്യപ്പെടുന്നപക്ഷം, അദ്ദേഹം, സംഘത്തിന്റെ രജിസ്ട്രേഷൻ റദ്ദാക്കാതിരിക്കുന്നതിന് കാരണമുണ്ടെങ്കിൽ ആയത് ബോധിപ്പിക്കുവാൻ ഒരു നോട്ടീസ് സംഘത്തിന് നൽകിയ ശേഷം വിശദീകരണം ലഭിക്കുന്നതിന് മുപ്പത് ദിവസത്തെ സമയം അനുവദിക്കാവുന്നതും, ശേഷം രേഖാമൂലമുള്ള ഉത്തരവ് പ്രകാരം സംഘത്തിന്റെ രജിസ്ട്രേഷൻ റദ്ദ് ചെയ്യേണ്ടതും സംഘം പിരിച്ചുവിടുന്നതിന് നിർദ്ദേശം നൽകേണ്ടതും 30-ാം വകുപ്പ് പ്രകാരം സംഘം പിരിച്ചുവിട്ടാലെന്നപോലെ സംഘത്തിന്റെ ആസ്തികൾ വിതരണം ചെയ്യേണ്ടതും ബാദ്ധ്യതകൾ തീർക്കേണ്ടതുമാണ്.

(3) രജിസ്ട്രാർ (2)-ാം ഉപവകുപ്പിൻകീഴിൽ പുറപ്പെടുവിച്ചിട്ടുള്ള ഏതെങ്കിലും ഉത്തരവിൻമേലുള്ള അപ്പീൽ, ഉത്തരവ് ലഭിച്ച് അറുപത് ദിവസത്തിനുള്ളിൽ സർക്കാർ

മുമ്പാകെ ഫയൽ ചെയ്യേണ്ടതും, അങ്ങനെയുള്ള അപ്പീലിൻമേലുള്ള തീർപ്പ് അന്തിമമായിരിക്കുന്നതുമാണ്.

വിശദീകരണം:—ഈ വകുപ്പിന്റെ ആവശ്യങ്ങൾക്കായി, തൽസമയം പ്രാബല്യത്തിലുള്ള ഏതെങ്കിലും നിയമത്തിന്റെ ഏതെങ്കിലും വ്യവസ്ഥകളിൻകീഴിൽ ശിക്ഷാർഹമായ ഒരു കുറ്റം ആകുന്ന ഏതൊരു പ്രവൃത്തിയും നിയമവിരുദ്ധം ആയി കണക്കാക്കേണ്ടതാണ്.

39.അഡ്മിനിസ്ട്രേറ്ററുടെ നിയമനം.—(1) ഈ ആക്റ്റിൽ എന്തുതന്നെ അടങ്ങിയിരുന്നാലും,—

(എ) ഏതെങ്കിലും സംഘത്തിന് ഏതെങ്കിലും വ്യവഹാരത്തിന്റെ കാരണത്താലോ മറ്റ് വിധത്തിലോ വാർഷികപൊതുയോഗം നടത്താതിരിക്കുകയോ നടത്താൻ കഴിയാതെ വരികയോ; അല്ലെങ്കിൽ

(ബി) ഒരു സംഘത്തിന്റെ ഭരണസമിതിയുടെ അംഗങ്ങളുടെ കാലാവധി അവസാനിക്കുകയും ഏതെങ്കിലും കാരണത്താൽ ഒരു പുതിയ ഭരണസമിതി രൂപീകരിക്കുന്നതിന് കഴിയാതെ വരികയോ; അല്ലെങ്കിൽ

(സി) രജിസ്ട്രാർ സമർപ്പിക്കുന്ന ഒരു റിപ്പോർട്ടിൻമേലോ മറ്റ് വിധത്തിലോ, അന്വേഷണത്തിന്മേൽ സർക്കാരിന് പൊതുജനതാൽപ്പര്യാർത്ഥം അപ്രകാരം ചെയ്യുന്നത് യുക്തമാണെന്ന് കരുതുകയോ ചെയ്യുന്നപക്ഷമോ

ആറ് മാസത്തിൽ കവിയാത്ത, ഉത്തരവിൽ വിനിർദ്ദേശിക്കുന്ന കാലയളവിലേക്ക് സംഘത്തിന്റെ കാര്യങ്ങൾ നടത്തുന്നതിലേക്കായി സർക്കാരിന് ആ മേഖലയിൽ പ്രാവീണ്യമുള്ള ഒരാളെ ഉത്തരവ് വഴി അഡ്മിനിസ്ട്രേറ്ററായി നിയമിക്കാവുന്നതാണ് :

എന്നാൽ, അങ്ങനെ ഉത്തരവ് പുറപ്പെടുവിക്കുന്നതിന് മുൻപ് സംഘത്തിന്റെ ഹെഡ് ഓഫീസിലെ നോട്ടീസ് ബോർഡിൽ/വെബ് സൈറ്റിൽ അത്തരം ഉത്തരവ് പുറപ്പെടുവിക്കുന്നതിൽ എന്തെങ്കിലും ആക്ഷേപം ഉണ്ടെങ്കിൽ അത് നോട്ടീസിൽ കാണിച്ചിരിക്കുന്ന സമയത്തിന് മുൻപ് രേഖാമൂലം സർക്കാരിൽ സമർപ്പിച്ചിരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് പ്രസിദ്ധപ്പെടുത്തേണ്ടതും അത്തരം ആക്ഷേപങ്ങൾ പരിഗണിക്കേണ്ടതുമാണ്:

എന്നുമാത്രമല്ല, പൊതുജനതാല്പര്യാർത്ഥം അഡ്മിനിസ്ട്രേറ്ററെ നിയമിക്കുന്നത് അടിയന്തരമാണെന്ന് സർക്കാരിന് ബോധ്യമാകുന്നപക്ഷം, മേൽ ക്ലിപ്തനിബന്ധനയിൽ ഇളവ് നൽകി അപ്രകാരം അഡ്മിനിസ്ട്രേറ്ററെ നിയമിക്കാവുന്നതാണ് :

എന്നിരുന്നാലും, സർക്കാരിന് കാരണങ്ങൾ വ്യക്തമാക്കി രേഖാമൂലമുള്ള ഉത്തരവ് വഴി, അങ്ങനെയുള്ള കാലാവധി മുൻകാല പ്രാബല്യത്തോടെയോ പിൽക്കാല പ്രാബല്യത്തോടെയോ ഓരോ തവണയും ആറ് മാസത്തിൽ കവിയാത്ത കാലയളവിലേക്ക്

(5)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾക്ക് വിധേയമായി ദീർഘിപ്പിക്കാവുന്നതും, എന്നാൽ അത് ആകെ നാലുവർഷത്തിൽ കവിയാൻ പാടില്ലാത്തതുമാണ്.

(2) അഡ്മിനിസ്ട്രേറ്ററുടെ ശമ്പളത്തിനും ആനുകൂല്യങ്ങൾക്കുമായി സംസ്ഥാന സർക്കാരിന് ചെലവാകുന്ന തുക സംഘത്തിന്റെ ഫണ്ടിൽ നിന്നും സർക്കാരിലേക്ക് അടയ്ക്കേണ്ടതാണ് :

എന്നാൽ, പൊതുതാല്പര്യം മുൻനിർത്തി ലിഖിതമായ കാരണത്താൽ സർക്കാരിന് മേൽ വ്യവസ്ഥയിൽ നിന്നും ഇളവ് നൽകാവുന്നതാണ്.

(3) (1)-ാം ഉപവകുപ്പ് പ്രകാരം അഡ്മിനിസ്ട്രേറ്ററെ നിയമിക്കുമ്പോഴും അങ്ങനെയുള്ള നിയമനത്തിന്റെ കാലയളവിലും സംഘത്തിന്റെ ഭരണസമിതി ഈ ആക്റ്റിനാൽ നൽകപ്പെടുന്ന അധികാരം വിനിയോഗിക്കുന്നതിൽ നിന്നും അതിൻപ്രകാരമുള്ള പ്രവർത്തനങ്ങളോ ചുമതലകളോ നിർവ്വഹിക്കുന്നതിൽ നിന്നും തടയപ്പെടുന്നതും അല്ലെങ്കിൽ അതിന്റെ മെമ്മോറാണ്ടം ഓഫ് അസോസിയേഷൻ അല്ലെങ്കിൽ ചട്ടങ്ങളും റെഗുലേഷനുകളും അല്ലെങ്കിൽ മറ്റേതെങ്കിലും നിയമപ്രകാരമുള്ള അധികാരം വിനിയോഗിക്കുന്നതിൽ നിന്നും, അതിൻപ്രകാരമുള്ള പ്രവർത്തനങ്ങളോ ചുമതലകളോ നിർവ്വഹിക്കുന്നതിൽനിന്നും തടയപ്പെടുന്നതും, അങ്ങനെയുള്ള പ്രവർത്തനങ്ങളും ചുമതലകളും സർക്കാർ, കാലാകാലങ്ങളിൽ, പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾ അനുസരിച്ച് അഡ്മിനിസ്ട്രേറ്റർ നിർവഹിക്കേണ്ടതുമാണ്.

(4) അഡ്മിനിസ്ട്രേറ്ററുടെ നിയമന കാലാവധി അവസാനിക്കുന്നതിന് മുൻപ് ഭരണസമിതിയുടെ കാലാവധി അവസാനിക്കുമെങ്കിൽ, അഡ്മിനിസ്ട്രേറ്റർ, അദ്ദേഹത്തിന്റെ നിയമന കാലാവധി അവസാനിക്കുന്നതിന് മുമ്പ് തെരഞ്ഞെടുക്കപ്പെടുന്ന ഭരണസമിതി അധികാരത്തിൽ വരുവാൻ സാധിക്കുന്ന വിധത്തിൽ തെരഞ്ഞെടുപ്പ് നടത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

(5) അഡ്മിനിസ്ട്രേറ്റർക്ക് അദ്ദേഹത്തിന്റെ നിയന്ത്രണത്തിനതീതമായ കാരണങ്ങളാൽ, പൊതുയോഗം വിളിച്ച് ഭരണസമിതിയെ തെരഞ്ഞെടുക്കാൻ കഴിയാതിരിക്കുന്ന സന്ദർഭത്തിൽ അക്കാര്യം ഉടൻതന്നെ സർക്കാരിന് റിപ്പോർട്ട് ചെയ്യേണ്ടതും, സർക്കാർ, അഡ്മിനിസ്ട്രേറ്ററുടെ കാലാവധി കൂടുതൽ കാലത്തേക്ക് ദീർഘിപ്പിക്കുന്നതിനോ, പൊതുജനതാൽപര്യാർത്ഥം അപ്രകാരം ആവശ്യമാണെന്ന ബോദ്ധ്യമാകുന്നപക്ഷം സംഘം പിരിച്ചുവിടുന്നതിനോ, ഉള്ള ഉത്തരവ് പുറപ്പെടുവിക്കേണ്ടതുമാണ് :

എന്നാൽ, അത്തരം ഉത്തരവ് പുറപ്പെടുവിക്കുന്നതിന് മുൻപ് സർക്കാർ ആ വിധത്തിൽ ഉത്തരവ് പുറപ്പെടുവിക്കുന്നതിനെതിരെ എന്തെങ്കിലും ആക്ഷേപമുണ്ടെങ്കിൽ അത് നിശ്ചിത സമയത്തിനുള്ളിൽ ബോധിപ്പിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഒരു കാരണം കാണിക്കൽ നോട്ടീസ് സംഘത്തിന്റെ ഹെഡ് ഓഫീസിലെ നോട്ടീസ്

ബോർഡിൽ/വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തേണ്ടതും അത്തരം ആക്ഷേപങ്ങൾ പരിഗണിക്കേണ്ടതുമാണ്.

(6) സർക്കാരിന്, യുക്തമെന്ന് തോന്നുന്ന പക്ഷം, (1)-ാം ഉപവകുപ്പ് പ്രകാരം നിയമിക്കപ്പെടുന്ന അഡ്മിനിസ്ട്രേറ്ററെ ഈ ആക്റ്റിൻ കീഴിൽ നൽകപ്പെടുന്ന അധികാരം വിനിയോഗിച്ച് തന്റെ പ്രവർത്തനങ്ങളും ചുമതലകളും നിർവ്വഹിക്കുന്നതിന് ഉപദേശിക്കുന്നതിനും സഹായിക്കുന്നതിനുമായി അഡ്മിനിസ്ട്രേറ്ററുമായി കൂടിയാലോചിച്ചുകൊണ്ട് ബന്ധപ്പെട്ട മേഖലകളിൽ പ്രാവീണ്യമുള്ളവരെ ഉൾപ്പെടുത്തിക്കൊണ്ട് ഒരു ഉപദേശകസമിതിയെ നിയമിക്കാവുന്നതാണ്. ഉപദേശകസമിതി സർക്കാർ നിശ്ചയിക്കുന്ന കാലയളവ് വരെ മാത്രം അത്തരത്തിൽ തുടരേണ്ടതാണ്.

(7) (5)-ാം ഉപവകുപ്പിൻകീഴിൽ ഒരു പിരിച്ചുവിടൽ ഉത്തരവ് പുറപ്പെടുവിക്കുന്നിടത്ത് സംഘത്തിന്റെ ബാദ്ധ്യതകൾ തീർത്തശേഷം ഏതെങ്കിലും ആസ്തികൾ അവശേഷിക്കുന്നുണ്ടെങ്കിൽ ആയത് സർക്കാരിൽ നിക്ഷിപ്തമാക്കപ്പെടുന്നതാണ്.

## അദ്ധ്യായം - 7

## പലവക

40. കുറ്റങ്ങളും ശിക്ഷകളും.—പ്രസിഡന്റ്, ചെയർപേഴ്സൺ, സെക്രട്ടറി അല്ലെങ്കിൽ ഭരണസമിതിയിൽ ഉൾപ്പെടുന്നതോ അല്ലാത്തതോ ആയ ഏതെങ്കിലും അംഗം അല്ലെങ്കിൽ സംഘത്തിലെ ഏതെങ്കിലും ഉദ്യോഗസ്ഥൻ അല്ലെങ്കിൽ ജീവനക്കാരൻ,—

(i) 13-ാം വകുപ്പിലെ (1)-ാം ഉപവകുപ്പിലെയോ, (2)-ാം ഉപവകുപ്പിലെയോ വ്യവസ്ഥകൾ ലംഘിക്കുകയോ; അല്ലെങ്കിൽ

(ii) മനപ്പൂർവ്വം അസത്യമായ ഒരു വിവരണ പത്രിക ഉണ്ടാക്കുകയോ, സമർപ്പിക്കുകയോ, സത്യം അല്ല എന്ന് താൻ വിശ്വസിക്കുന്ന ഒരു വിവരണ പത്രികയോ പ്രസ്താവനയോ ഉണ്ടാക്കുകയോ സമർപ്പിക്കുകയോ; അല്ലെങ്കിൽ

(iii) മനപൂർവ്വമായോ ന്യായമായ കാരണങ്ങൾ കൂടാതെയോ ഏതെങ്കിലും സമൻസോ, ഈ ആക്റ്റിലെ വ്യവസ്ഥകൾ പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള നിയമപരമായ, രേഖാമൂലമുള്ള ഏതെങ്കിലും ഉത്തരവോ അനുസരിക്കാതിരിക്കുകയോ ഈ ആക്റ്റിലെ വ്യവസ്ഥകൾ പ്രകാരം ചുമതലപ്പെടുത്തപ്പെട്ട ഏതെങ്കിലും വ്യക്തി നിയമപരമായി ആവശ്യപ്പെടുന്ന ഏതെങ്കിലും വിവരം നൽകാതിരിക്കുകയോ ചെയ്യുന്നപക്ഷം, കുറ്റസ്ഥാപനത്തിൻമേൽ, ആയിരം രൂപ വരെയാകാവുന്ന പിഴശിക്ഷയ്ക്ക് വിധേയനാകുന്നതാണ് :

എന്നാൽ, മറ്റ് ഏതെങ്കിലും നിയമപ്രകാരമുള്ള ശിക്ഷാ നടപടികൾ സ്വീകരിക്കുന്നതിന് ഇത് ഒരു തടസ്സമാകുന്നതല്ല.

41. ഈ ആക്റ്റിൻ കീഴിൽ ഉള്ള കുറ്റങ്ങളുടെ വിചാരണ.—(1) ഈ ആക്റ്റിൻ കീഴിൽ ഉള്ള ഏതൊരു കുറ്റവും, രജിസ്ട്രാറുടെ റിപ്പോർട്ട് ലഭിക്കുകയോ, രജിസ്ട്രാറുടെ രേഖാമൂലമുള്ള അനുമതിയോടെ ഏതെങ്കിലും ആളോ, അങ്ങനെയുള്ള കുറ്റങ്ങൾ സംബന്ധിച്ച് രജിസ്ട്രാർ കീഴുദ്യോഗസ്ഥനായി വരുന്ന ഏതെങ്കിലും അധികാരസ്ഥാനമോ നൽകുന്ന പരാതിയോ ലഭിച്ചാൽ അല്ലാതെ യാതൊരു കോടതിയും വിചാരണ ചെയ്യാൻ പാടുള്ളതല്ല.

(2) കുറ്റാരോപിതന്റെ അപേക്ഷയിന്മേൽ, നിർണ്ണയിക്കപ്പെട്ട പ്രകാരമുള്ള കോമ്പൗണ്ടിംഗ് ഫീസ് ഒടുക്കുന്നപക്ഷം, ഈ ആക്റ്റിലെ വ്യവസ്ഥകൾ പ്രകാരം ശിക്ഷിക്കപ്പെടാവുന്ന കുറ്റങ്ങൾ രാജിയാക്കുന്നതിന് രജിസ്ട്രാർക്ക് അധികാരം ഉണ്ടായിരിക്കുന്നതും അങ്ങനെയുള്ള രാജിയാക്കലിന് കുറ്റാരോപിതനെ കുറ്റവിമുക്തനാക്കിയതിന്റെ പ്രഭാവം ഉണ്ടായിരിക്കുന്നതുമാണ്.

42. കുറ്റകൃത്യങ്ങൾ നടപടിയ്ക്കെടുക്കൽ.—ഈ ആക്റ്റിൻ കീഴിൽ ഉള്ള കുറ്റകൃത്യങ്ങൾ ഒരു ജുഡീഷ്യൽ ഒന്നാം ക്ലാസ് മജിസ്ട്രേറ്റ് കോടതിയിൽ വിചാരണ ചെയ്യേണ്ടതാണ്.

43. ചട്ടങ്ങൾ ഉണ്ടാക്കുന്നതിനുള്ള അധികാരം.—(1) സർക്കാരിന്, ഔദ്യോഗിക ഗസറ്റ് വിജ്ഞാപനം വഴി, ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പാക്കുന്നതിലേക്കായി മുൻകാല പ്രാബല്യത്തോടുകൂടിയോ പിൽകാല പ്രാബല്യത്തോടുകൂടിയോ ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) ഈ ആക്റ്റ് പ്രകാരം ഉണ്ടാക്കുന്ന ഏതൊരു ചട്ടവും അതുണ്ടാക്കിയശേഷം കഴിയുന്നത്രവേഗം നിയമസഭ സമ്മേളനത്തിലായിരിക്കുമ്പോൾ സഭ മുമ്പാകെ, ഒരു സമ്മേളനത്തിലോ തുടർച്ചയായ രണ്ട് സമ്മേളനങ്ങളിലോ വരാവുന്ന ആകെ പതിനാല് ദിവസക്കാലത്തേക്ക് വയ്ക്കേണ്ടതും അപ്രകാരം അത് ഏത് സമ്മേളനത്തിൽ വയ്ക്കുന്നുവോ ആ സമ്മേളനമോ തൊട്ടടുത്തുവരുന്ന സമ്മേളനമോ അവസാനിക്കുന്നതിനുമുമ്പ് നിയമസഭ പ്രസ്തുത ചട്ടത്തിൽ ഏതെങ്കിലും രൂപഭേദപ്പെടുത്തലുകൾ വരുത്തുകയോ, അല്ലെങ്കിൽ ആ ചട്ടം ഉണ്ടാക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയോ ചെയ്യുന്നപക്ഷം ആ ചട്ടത്തിന് അതിനു ശേഷം, അതതുസംഗതിപോലെ, അപ്രകാരം രൂപഭേദപ്പെടുത്തൽ വരുത്തിയ പ്രകാരം മാത്രം പ്രാബല്യം ഉണ്ടായിരിക്കുകയോ അല്ലെങ്കിൽ യാതൊരു പ്രാബല്യവുമില്ലാതിരിക്കുകയോ ചെയ്യുന്നതുമാകുന്നു; എന്നിരുന്നാലും, അങ്ങനെയുള്ള ഏതെങ്കിലും രൂപഭേദപ്പെടുത്തലോ റദ്ദാക്കലോ ആ ചട്ടപ്രകാരം മുമ്പ് ചെയ്തിട്ടുള്ള ഏതെങ്കിലും സംഗതിയുടെ സാധുതയ്ക്ക് ഭംഗം വരാത്ത വിധത്തിലായിരിക്കേണ്ടതാണ്.

44. വൈഷമ്യങ്ങൾ നീക്കം ചെയ്യുന്നതിനുള്ള അധികാരം.—(1) ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പാക്കുന്നതിൽ എന്തെങ്കിലും വൈഷമ്യങ്ങൾ ഉണ്ടാകുന്നപക്ഷം, സർക്കാരിന് ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയ ഉത്തരവുമൂലം, അങ്ങനെയുള്ള വൈഷമ്യങ്ങൾ നീക്കം ചെയ്യുന്നതിന്, ആവശ്യമെന്ന് തോന്നുന്നതും ഈ ആക്റ്റിന് വിരുദ്ധമല്ലാത്തതുമായ, ഏതുകാര്യവും, സന്ദർഭം ആവശ്യപ്പെടുന്നതുപോലെ, ചെയ്യാവുന്നതാണ്:

എന്നാൽ, ഈ ആക്റ്റിന്റെ പ്രാരംഭ തീയതി മുതൽ രണ്ട് വർഷത്തിനുശേഷം അങ്ങനെയുള്ള യാതൊരു ഉത്തരവും ഈ ആക്റ്റിൻ കീഴിൽ പുറപ്പെടുവിക്കാൻ പാടുള്ളതല്ല.

(2) (1)-ാം ഉപവകുപ്പ് പ്രകാരം പുറപ്പെടുവിച്ച ഓരോ ഉത്തരവും, അത് പുറപ്പെടുവിച്ചതിനുശേഷം കഴിയുന്നത്രവേഗം നിയമസഭ മുമ്പാകെ വയ്ക്കേണ്ടതാണ്.

45. റദ്ദാക്കലും ഒഴിവാക്കലും.—(1) 1956-ലെ സംസ്ഥാന പുന:സംഘടനാ ആക്റ്റ് (1956-ലെ 37-ാം കേന്ദ്ര ആക്റ്റ്) 5-ാം വകുപ്പ് (2)-ാം ഉപവകുപ്പിൽ പരാമർശിച്ചിട്ടുള്ള മലബാർ ജില്ലയിൽ പ്രാബല്യത്തിലിരിക്കുന്ന 1860-ലെ സംഘങ്ങൾ രജിസ്ട്രേഷൻ ആക്റ്റിന് (1860-ലെ 21-ാം കേന്ദ്ര ആക്റ്റ്) ആ പ്രദേശത്ത് ബാധകതയില്ലാതാക്കുകയും 1955-ലെ തിരുവിതാംകൂർ-കൊച്ചി സാഹിത്യ, ശാസ്ത്രീയ, ധാർമ്മിക സംഘങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള ആക്റ്റ് (1955 ലെ 12) ഇതിനാൽ റദ്ദാക്കുകയും ചെയ്യുന്നു.

(2) അപ്രകാരം ബാധകതയില്ലാതാക്കുകയോ റദ്ദാക്കുകയോ ചെയ്തിരുന്നാൽ തന്നെയും അങ്ങനെയുള്ള ആക്റ്റുകളുടെ കീഴിൽ ചെയ്തതോ ചെയ്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും കാര്യമോ എടുത്തതോ എടുത്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും നടപടിയോ, ഈ ആക്റ്റ് പ്രകാരം ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

സംസ്ഥാനത്ത് കലാ സാംസ്കാരിക ധാർമ്മിക സംഘങ്ങൾ രജിസ്റ്റർ ചെയ്യുന്നതിന് 1955-ലെ തിരുവിതാംകൂർ-കൊച്ചി സാഹിത്യ ശാസ്ത്രീയ ധാർമ്മികസംഘങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള ആക്റ്റ് (1955-ലെ 12), 1860-ലെ സംഘങ്ങൾ രജിസ്ട്രേഷൻ ആക്റ്റ് (1860-ലെ 21-ാം കേന്ദ്ര ആക്റ്റ്) എന്നീ രണ്ട് നിയമങ്ങളാണ് നിലവിലുള്ളത്. തിരുവിതാംകൂർ-കൊച്ചിക്ക് ബാധകമായ നിയമം മലബാർ പ്രദേശത്ത് ബാധകമായ 1860-ലെ കേന്ദ്ര നിയമത്തേക്കാൾ മെച്ചപ്പെട്ടതാണെങ്കിലും അതിൽ പല പോരായ്മകളും ഉണ്ട്. കേന്ദ്ര നിയമം ഒരു ചട്ടക്കൂടിന്റെ രൂപത്തിൽ മാത്രമാണുള്ളത്. സംഘങ്ങൾ റിട്ടേണുകളും മറ്റും നൽകുന്നതിൽ വീഴ്ച വരുത്തിയാൽ 1955-ലെ നിയമത്തിൻകീഴിൽ പിഴ ചുമത്തുന്നതുൾപ്പെടെ നടപടി സ്വീകരിക്കുവാൻ കഴിയുമെങ്കിലും അവയിൽ കർശന വ്യവസ്ഥകൾ ഇല്ലാത്തതിനാലും 1860-ലെ നിയമത്തിൽ അപ്രകാരമുള്ള വ്യവസ്ഥകൾ നിലവിലില്ലാത്തതിനാലും മലബാർ പ്രദേശത്തും തിരുവിതാംകൂർ-കൊച്ചി പ്രദേശത്തും വ്യത്യസ്ത നിയമങ്ങൾ ബാധകമായിട്ടുള്ളതിനാലും സംഘങ്ങളുടെ രജിസ്ട്രേഷനും മറ്റും സംബന്ധിച്ച് പ്രായോഗിക ബുദ്ധിമുട്ടുകൾക്ക് കാരണമായിട്ടുള്ളതുമാണ്.

ഈ സാഹചര്യത്തിൽ സംസ്ഥാനമൊട്ടാകെ ബാധകമാകുന്ന ഏകീകൃത നിയമം കൊണ്ടുവരുന്നതിനും അതുവഴി സംഘങ്ങളുടെ പ്രവർത്തനങ്ങളിൽ സുതാര്യതയും യഥാസമയം റിട്ടേൺ ഫയൽ ചെയ്യാത്തവയുൾപ്പെടെയുള്ള വീഴ്ചകളിൽ നടപടിയെടുക്കുന്നതിനും മറ്റും വ്യവസ്ഥ ചെയ്യുന്നതിനും സർക്കാർ തീരുമാനിച്ചു.

മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും യാതൊരു അധികചെലവും ഉണ്ടാകുന്നതല്ല.

## ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സംബന്ധിച്ച മെമ്മോറാണ്ടം

ബില്ലിലെ 1-ാം ഖണ്ഡം, (2)-ാം ഉപഖണ്ഡം പ്രാബല്യ തീയതി വിജ്ഞാപനപ്പെടുത്തുവാൻ സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

2. ബില്ലിലെ 3-ാം ഖണ്ഡം (vi)-ാം ഇനം ദുർലഭമായ അടിസ്ഥാന സൗകര്യങ്ങൾ ഏതെല്ലാമെന്ന് കാലാകാലങ്ങളിൽ വിജ്ഞാപനം ചെയ്യുവാൻ സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

3. ബില്ലിലെ 8-ാം ഖണ്ഡം (1)-ാം ഉപഖണ്ഡം സംഘങ്ങളുടെ രജിസ്ട്രേഷനുള്ള അപേക്ഷയും ഫീസും നിർണ്ണയിക്കുവാൻ സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

4. ബില്ലിലെ 9-ാം ഖണ്ഡത്തിന്റെ ക്ലിപ്തനിബന്ധന ആക്റ്റിന്റെ പ്രാരംഭത്തിൽ റിട്ടേൺ ഫയൽ ചെയ്യാത്തവർക്ക് ആയത് ഫയൽ ചെയ്യുന്നതിന് ഒരു കാലാവധി വിനിർദ്ദേശിക്കുന്നതിന് വിജ്ഞാപനം പുറപ്പെടുവിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

5. ബില്ലിലെ 11-ാം ഖണ്ഡം,—

(i) (1)-ാം ഉപഖണ്ഡം സംഘത്തിന്റെ മെമ്മോറാണ്ടം ഓഫ് അസോസിയേഷൻ ഭേദഗതി ചെയ്യുന്നതിനുള്ള നിർദ്ദേശത്തിന്റെ റിപ്പോർട്ട് നിർണ്ണയിക്കുവാനും;

(ii) (2)-ാം ഉപഖണ്ഡം ഭേദഗതി ഫയൽ ചെയ്യുന്നതിനുള്ള ഫീസും ആയതിന്റെ ക്ലിപ്തനിബന്ധന യഥാസമയം ഭേദഗതി ഫയൽ ചെയ്യാത്ത സംഗതികളിൽ പിഴ നിർണ്ണയിക്കുവാനും

സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

6. ബില്ലിലെ 12-ാം ഖണ്ഡം,—

(i) (1)-ാം ഉപഖണ്ഡം, ചട്ടങ്ങളിലെയും റെഗുലേഷനുകളിലെയും വ്യവസ്ഥകൾ ഭേദഗതി ചെയ്യുന്നതിനുള്ള നോട്ടീസും;

(ii) (2)-ാം ഉപഖണ്ഡം, ഭേദഗതി ഫയൽ ചെയ്യുന്നതിനുള്ള ഫീസും നിർണ്ണയിക്കുവാനും

സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

7. ബില്ലിലെ 14-ാം ഖണ്ഡം (2)-ാം ഉപഖണ്ഡം, സംഘം അതിന്റെ അംഗങ്ങളെ സംബന്ധിച്ചുള്ള രജിസ്റ്റർ സൂക്ഷിക്കുന്നതിൽ വീഴ്ച വരുത്തുന്ന പക്ഷം ഭരണസമിതിക്കുള്ള പിഴ നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

8. ബില്ലിലെ 15-ാം ഖണ്ഡം,—

(i) (1)-ാം ഉപഖണ്ഡത്തിന്റെ ക്ലിപ്തനിബന്ധന വാർഷിക പൊതുയോഗം വിളിച്ചുചേർക്കേണ്ട കാലയളവ് ദീർഘിപ്പിച്ചുനൽകുന്നതിനുള്ള ഫീസ് നിർണ്ണയിക്കുവാനും;

(ii) (3)-ാം ഉപഖണ്ഡത്തിന്റെ ക്ലിപ്തനിബന്ധന സംഘത്തിന്റെ ആദ്യ ഭരണസമിതിയുടെ അംഗങ്ങളുടെ പട്ടികയും ആഡിറ്റ് ചെയ്ത വരവുചെലവ് കണക്കുകളും യഥാസമയം സമർപ്പിക്കുവാൻ കഴിയാതെവരുന്ന സംഗതിയിൽ പിഴ നിർണ്ണയിക്കുവാനും

സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

9. ബില്ലിലെ 16-ാം ഖണ്ഡം, സംഘത്തിന്റെ പ്രമാണങ്ങളോ കണക്കുകളുടെ വാർഷിക പത്രികയോ അംഗങ്ങളുടെ പട്ടികയോ സമർപ്പിക്കുന്നതിൽ ഉണ്ടാകുന്ന കാലതാമസ്സം മാപ്പാക്കുന്നതിന് ഓരോ വർഷത്തേയ്ക്കുമുള്ള പിഴ തുക നിശ്ചയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

10. ബില്ലിലെ 17-ാം ഖണ്ഡം ഈ ആക്റ്റ് പ്രകാരം രജിസ്റ്റർ ചെയ്യപ്പെട്ട സംഘങ്ങൾ സമർപ്പിക്കേണ്ടതായ റിട്ടേണുകളും ഫാറങ്ങളും മറ്റ് പത്രികകളും ഇലക്ട്രോണിക് സംവിധാനത്തിലൂടെ സമർപ്പിക്കുന്നതിനുള്ള രീതി നിർദ്ദേശിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

11. ബില്ലിലെ 18-ാം ഖണ്ഡം (2)-ാം ഉപഖണ്ഡം, (1)-ാം ഉപഖണ്ഡത്തിലെ വ്യവസ്ഥകൾ പാലിക്കുന്നതിൽ വീഴ്ച വരുത്തുന്നപക്ഷം ഭരണസമിതിയിലെ ഓരോ അംഗവും ഒടുക്കേണ്ട പിഴ തുക നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

12. ബില്ലിലെ 19-ാം ഖണ്ഡത്തിന്റെ 1-ാം ക്ലിപ്തനിബന്ധന രജിസ്ട്രാർ മുമ്പാകെ ഭരണസമിതി അംഗങ്ങളുടെ പട്ടികയും വാർഷിക ബാലൻസ് ഷീറ്റും ഫയൽ ചെയ്യുന്നതിനുള്ള കാലതാമസ്സം മാപ്പാക്കി രേഖകൾ സമർപ്പിക്കുന്നതിനുള്ള അനുമതി നൽകുന്നതിന് ഒടുക്കേണ്ട പിഴ നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

13. ബില്ലിലെ 26-ാം ഖണ്ഡം (2)-ാം ഉപഖണ്ഡം, രജിസ്റ്റർ ചെയ്യപ്പെട്ട സംഘത്തിന്റെ ഉദ്ദേശ്യങ്ങളിൽ വ്യത്യാസം വരുത്തണമെന്നോ അത് വിപുലീകരിക്കണമെന്നോ അല്ലെങ്കിൽ മറ്റേതെങ്കിലും സംഘവുമായി സംയോജിപ്പിക്കണമെന്നോ ബോധ്യപ്പെടുന്ന പക്ഷം

ഭരണസമിതി വിളിച്ചുചേർക്കുന്ന പ്രത്യേക നോട്ടീസ് നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

14. ബില്ലിലെ 27-ാം ഖണ്ഡം, (1)-ാം ഉപഖണ്ഡം സംഘത്തിന്റെ കണക്കുകളും മറ്റ് പുസ്തകങ്ങളും പരിശോധിച്ച് നൽകേണ്ട റിപ്പോർട്ട് നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

15. ബില്ലിലെ 28-ാം ഖണ്ഡം, (1)-ാം ഉപഖണ്ഡം, ഉത്തരവുകൾ പാലിക്കുന്നതിൽ വീഴ്ച വരുത്തുന്ന സംഘത്തിന്റെ ഭരണസമിതിയിലെ ഏതെങ്കിലും അംഗത്തിൽ നിന്നോ ജീവനക്കാരനിൽ നിന്നോ ഈടാക്കേണ്ട പിഴ നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

16. ബില്ലിലെ 32-ാം ഖണ്ഡം (2)-ാം ഉപഖണ്ഡ പ്രകാരമുള്ള അപേക്ഷയോടൊപ്പം കോടതി മുമ്പാകെ സെക്യൂരിറ്റിയായും ചെലവായും കെട്ടിവയ്ക്കുന്നതിനുള്ള തുക നിർണ്ണയിക്കുവാൻ സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

17. ബില്ലിലെ 33-ാം ഖണ്ഡം, രജിസ്ട്രാറുടെ പക്കൽ ഫയൽ ചെയ്തിട്ടുള്ള പ്രമാണങ്ങൾ പരിശോധിക്കുന്നതിനുള്ള തുകയും അവയുടെ പകർപ്പുകൾ എടുക്കുന്നതിനുള്ള തുകയും നിർണ്ണയിക്കുവാൻ സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

18. ബില്ലിലെ 34-ാം ഖണ്ഡം, (2)-ാം ഉപഖണ്ഡം, രജിസ്ട്രാർ ഓരോ സംഘത്തിനെയും സംബന്ധിച്ച മെമ്മോറാണ്ടവും മറ്റെല്ലാ പ്രമാണങ്ങളും സൂക്ഷിക്കേണ്ട രീതി നിർണ്ണയിക്കുവാൻ സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

19. ബില്ലിലെ 41-ാം ഖണ്ഡം (2)-ാം ഉപഖണ്ഡം, കുറ്റാരോപിതന്റെ അപേക്ഷയിന്മേൽ കുറ്റങ്ങൾ രാജിയാക്കുന്നതിനുള്ള കോമ്പൗണ്ടിംഗ് ഫീസ് നിർണ്ണയിക്കുവാൻ സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

20. ബില്ലിലെ 43-ാം ഖണ്ഡം (1)-ാം ഉപഖണ്ഡം, ഗസറ്റ് വിജ്ഞാപനം വഴി, ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനായി മുൻകാല പ്രാബല്യത്തോടെയോ പിൽകാല പ്രാബല്യത്തോടെയോ ചട്ടങ്ങൾ ഉണ്ടാക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

21. ബില്ലിലെ 44-ാം ഖണ്ഡം (1)-ാം ഉപഖണ്ഡം ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിൽ വൈഷമ്യങ്ങൾ ഉണ്ടാകുന്നപക്ഷം അവ നീക്കം ചെയ്യുന്നതിന് ഉത്തരവ് പുറപ്പെടുവിക്കുവാൻ സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

22. ഏത് കാര്യങ്ങളെ സംബന്ധിച്ചാണോ വിജ്ഞാപനങ്ങളോ, ഉത്തരവുകളോ പുറപ്പെടുവിക്കാവുന്നത് അല്ലെങ്കിൽ ചട്ടങ്ങൾ ഉണ്ടാക്കുന്നത്, അവ നടപടിക്രമം സംബന്ധിച്ചുള്ളതും സാധാരണവും ഭരണപരവുമായ സ്വഭാവത്തോടു കൂടിയതുമാണ്. കൂടാതെ, ചട്ടങ്ങൾ അവ ഉണ്ടാക്കിയതിനുശേഷം നിയമസഭയുടെ സൂക്ഷ്മപരിശോധനയ്ക്ക് വിധേയവുമാണ്. ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണ അധികാരം അതിനാൽ, സാധാരണ സ്വഭാവത്തോടുകൂടിയതാണ്.

രാമചന്ദ്രൻ കടന്നപ്പള്ളി

## ഖണ്ഡങ്ങളിന്മേലുള്ള കുറിപ്പുകൾ

1-ാം ഖണ്ഡം.—നിർദ്ദിഷ്ട ആക്റ്റിന്റെ ചുരുക്കപ്പേരും പ്രാരംഭവും വ്യവസ്ഥ ചെയ്യുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

2-ാം ഖണ്ഡം.—ബില്ലിൽ ഉപയോഗിച്ചിരിക്കുന്ന ചില വാക്കുകളും പദപ്രയോഗങ്ങളും നിർവ്വചിക്കുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

3-ാം ഖണ്ഡം.—നിർദ്ദിഷ്ട ആക്റ്റ് ബാധകമാകുന്ന സംഘങ്ങൾ ഏതൊക്കെയാണെന്ന് വ്യവസ്ഥ ചെയ്യുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

4-ാം ഖണ്ഡം.—സംഘങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള നിബന്ധന വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

5-ാം ഖണ്ഡം.—സംഘങ്ങൾ രൂപീകരിക്കുന്ന രീതി വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

6-ാം ഖണ്ഡം.—സംഘങ്ങളുടെ മെമ്മോറാണ്ടം ഓഫ് അസോസിയേഷൻ സംബന്ധിച്ച് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

7-ാം ഖണ്ഡം.—അഭികാമ്യമല്ലാത്ത പേരുകളിൽ സംഘങ്ങൾ രജിസ്റ്റർ ചെയ്യുവാൻ പാടില്ലായെന്നുള്ളത് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

8-ാം ഖണ്ഡം.—സംഘങ്ങളുടെ രജിസ്ട്രേഷൻ സംബന്ധിച്ച് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

9-ാം ഖണ്ഡം.—നിലവിലുള്ള സംഘങ്ങൾക്ക് സാധൂകരണം നൽകുന്നതിന് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

10-ാം ഖണ്ഡം.—സംഘത്തിന്റെ രജിസ്റ്റർ ചെയ്ത ഓഫീസ് സംബന്ധിച്ച് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

11-ാം ഖണ്ഡം.—സംഘത്തിന്റെ മെമ്മോറാണ്ടം ഓഫ് അസോസിയേഷനുള്ള ഭേദഗതി വ്യവസ്ഥ ചെയ്യുന്നതിനു ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

12-ാം ഖണ്ഡം.—സംഘങ്ങളുടെ ചട്ടങ്ങളുടെയും റെഗുലേഷനുകളുടെയും ഭേദഗതി സംബന്ധിച്ച് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

13-ാം ഖണ്ഡം.—സംഘങ്ങളുടെ വസ്തു എങ്ങനെ നിക്ഷിപ്തമാക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

14-ാം ഖണ്ഡം.—അംഗങ്ങളുടെ രജിസ്റ്റർ സംഘം സൂക്ഷിക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

15-ാം ഖണ്ഡം.—സംഘങ്ങളുടെ വാർഷിക പൊതുയോഗം വിളിച്ചുചേർക്കുന്നത് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

16-ാം ഖണ്ഡം.—സംഘങ്ങളുടെ പ്രമാണങ്ങൾ സമർപ്പിക്കുന്നതിനുള്ള കാലതാമസ്സം മാപ്പാക്കുന്നതിന് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചു കൊണ്ടുള്ളതാണ് ഈ ഖണ്ഡം.

17-ാം ഖണ്ഡം.—സംഘങ്ങളുടെ റിട്ടേണുകളും മറ്റു രേഖകളും ഇലക്ട്രോണിക് സംവിധാനത്തിലൂടെ ഫയൽ ചെയ്യുന്നത് സംബന്ധിച്ച് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

18-ാം ഖണ്ഡം.—സംഘങ്ങളുടെ കണക്ക് പുസ്തകങ്ങളും ആഡിറ്റും സംബന്ധിച്ച് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

19-ാം ഖണ്ഡം.—സംഘങ്ങളുടെ ബാലൻസ്ഷീറ്റും ഭരണസമിതിയുടെ വാർഷിക പട്ടികയും രജിസ്ട്രാർ മുമ്പാകെ ഫയൽ ചെയ്യണമെന്ന് വ്യവസ്ഥ ചെയ്യുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

20-ാം ഖണ്ഡം.—സംഘത്തിനാലും സംഘത്തിനെതിരെയുമുള്ള വ്യവഹാരങ്ങൾ സംബന്ധിച്ച് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചു കൊണ്ടുള്ളതാണ് ഈ ഖണ്ഡം.

21-ാം ഖണ്ഡം.—മരണം മൂലമോ മറ്റോ സംഘത്തിനാലോ സംഘത്തിനെതിരായോ ഉള്ള വ്യവഹാരങ്ങൾ ഉപശമിക്കുകയില്ലെന്നത് സംബന്ധിച്ച് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

22-ാം ഖണ്ഡം.—സംഘത്തിന് എതിരെയുള്ള വിധി നടപ്പാക്കൽ സംബന്ധിച്ച് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

23-ാം ഖണ്ഡം.—സംഘത്തിന്റെ ചട്ടങ്ങളുടെയും റഗുലേഷനുകളുടെയും ബൈലായുടെയും ലംഘനത്തിന് പിഴ ഈടാക്കൽ സംബന്ധിച്ച് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

24-ാം ഖണ്ഡം.—അംഗങ്ങൾക്കെതിരെ വ്യവഹാരപ്പെടാമെന്ന് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

25-ാം ഖണ്ഡം.—സംഘത്തിന്റെ ഏതെങ്കിലും പണമോ മറ്റ് വസ്തുക്കളോ അപഹരിക്കുകയോ അല്ലെങ്കിൽ, ബോധപൂർവ്വം അങ്ങനെയുള്ള സംഘത്തിന്റെ വസ്തുവിനെ നശിപ്പിക്കുകയോ ചെയ്യുന്ന സംഘത്തിലെ കുറ്റക്കാരായ അംഗങ്ങൾ അന്യരെപ്പോലെ

ശിക്ഷാർഹരാണെന്ന് സംബന്ധിച്ച് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

26-ാം ഖണ്ഡം.—സംഘങ്ങളുടെ സംയോജനത്തിനുള്ള നടപടിക്രമം സംബന്ധിച്ച് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

27-ാം ഖണ്ഡം.—സംഘത്തിന്റെ കണക്കുകൾ ആവശ്യപ്പെടുകയും പുസ്തകങ്ങളും മറ്റും പരിശോധിക്കുകയും ചെയ്യുന്നതിനുള്ള അധികാരം സംബന്ധിച്ച് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

28-ാം ഖണ്ഡം.—സംഘത്തിന്റെ ഭരണസമിതിയിലെ ഏതെങ്കിലും അംഗത്തിൽ നിന്നോ ജീവനക്കാരനിൽ നിന്നോ പിഴ ഈടാക്കുന്നതിനും അനുസരണക്കേടിന് പിരിച്ചുവിടുന്നതിനും ഉള്ള അധികാരം സംബന്ധിച്ച് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

29-ാം ഖണ്ഡം.—സംഘത്തിലെ ഒഴിവുകൾ സംഘത്തിന്റെ ചട്ടങ്ങളും റഗുലേഷനുകളും അനുസരിച്ച് നികത്തണമെന്നത് സംബന്ധിച്ച് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

30-ാം ഖണ്ഡം.—സംഘങ്ങളെ പിരിച്ചുവിടുന്നതിനും അവയുടെ കാര്യങ്ങൾ ക്രമീകരിക്കുന്നതിനുമുള്ള വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

31-ാം ഖണ്ഡം.—സംഘത്തിൽ നിന്നും പിരിച്ചുവിട്ടതിനുശേഷം യാതൊരംഗവും ആദായം വാങ്ങരുതെന്നത് സംബന്ധിച്ച് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

32-ാം ഖണ്ഡം.—സംഘത്തിന്റെ പുതിയ ഭരണസമിതിയെ നിയമിക്കുന്നതിനോ കാര്യക്ഷമമായ നടത്തിപ്പിന് പദ്ധതി തയ്യാറാക്കുന്നതിനോ സംഘത്തെ പിരിച്ചുവിടുന്നതിനോ കോടതി മുമ്പാകെ അപേക്ഷ സമർപ്പിക്കുന്നത് സംബന്ധിച്ച് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

33-ാം ഖണ്ഡം.—സംഘത്തിലെ രജിസ്ട്രാറുടെ പക്കൽ ഫയൽ ചെയ്തിട്ടുള്ള എല്ലാ പ്രമാണങ്ങളുടെയും പരിശോധന സംബന്ധിച്ച് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

34-ാം ഖണ്ഡം.—രജിസ്ട്രാർ സംഘങ്ങളുടെ ഒരു രജിസ്റ്റർ സൂക്ഷിക്കണമെന്നത് സംബന്ധിച്ച് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

35-ാം ഖണ്ഡം.—സംഘത്തിൽ രജിസ്ട്രാർ നടത്തുന്ന അന്വേഷണം സംബന്ധിച്ച് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

36-ാം ഖണ്ഡം.—സംഘത്തിന്റെ ഇൻസ്പെക്ടറുടെ അധികാരങ്ങൾ സംബന്ധിച്ച് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

37-ാം ഖണ്ഡം.—സംഘത്തിനുണ്ടായ നഷ്ടം ഈടാക്കുന്നത് സംബന്ധിച്ച് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

38-ാം ഖണ്ഡം.—ചില സംഘങ്ങളുടെ രജിസ്ട്രേഷൻ റദ്ദാക്കലും പിരിച്ചുവിടലും സംബന്ധിച്ച് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

39-ാം ഖണ്ഡം.—സംഘത്തിലെ അഡ്മിനിസ്ട്രേറ്ററുടെ നിയമനം സംബന്ധിച്ച് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

40-ാം ഖണ്ഡം.—കുറ്റങ്ങളും ശിക്ഷകളും സംബന്ധിച്ച് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

41-ാം ഖണ്ഡം.—കുറ്റങ്ങളുടെ വിചാരണ സംബന്ധിച്ച് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

42-ാം ഖണ്ഡം.—കുറ്റകൃത്യങ്ങൾക്കുമേൽ നടപടിയെടുക്കുന്നത് സംബന്ധിച്ച് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

43-ാം ഖണ്ഡം.—ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനായി ചട്ടങ്ങൾ ഉണ്ടാക്കുവാൻ സർക്കാരിന് അധികാരം നൽകുന്നത് സംബന്ധിച്ച് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

44-ാം ഖണ്ഡം.—ആക്റ്റിലെ വ്യവസ്ഥകൾ നടപ്പാക്കുന്നതിൽ ഉണ്ടാകുന്ന വൈഷമ്യങ്ങൾ നീക്കം ചെയ്യുന്നതിനുള്ള അധികാരം സംബന്ധിച്ച് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

45-ാം ഖണ്ഡം.—റദ്ദാക്കലും ഒഴിവാക്കലും സംബന്ധിച്ച് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.